# എ യു പി എസ് മുരിയാട്




**അക്കാദമിക മാസ്റ്റർ പ്ലാൻ 2025**

# ഉള്ളടക്കം

# അടിസ്ഥാന വിവരങ്ങൾ

# ആമുഖം

# വിദ്യാലയ ചരിത്രം

# ലക്ഷ്യങ്ങൾ

# വിദ്യാലയം മികവിന്റെ കേന്ദ്രം -കാഴ്ചപ്പാട്

# സ്കൂൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

# മികവിനായി ഏറ്റെടുക്കേണ്ട

# പ്രവർത്തനങ്ങൾ -ഒറ്റ നോട്ടത്തിൽ

# നിലവിലെ പ്രവർത്തനങ്ങൾ

വിദ്യാലയത്തിന്റെ പേര്:

എയ്ഡഡ് ലോവർ പ്രൈമറി & അപ്പർ പ്രൈമറി സ്കൂൾ മുരിയാട് (ALP & UP School Muriyad)

ഉപജില്ല: ഇരിഞ്ഞാലക്കുട

വിദ്യാഭ്യാസ ജില്ല ഇരിഞ്ഞാലക്കുട

റവന്യൂ ജില്ല തൃശ്ശൂർ

തയ്യാറാക്കിയ വർഷം 2025

വിദ്യാലയത്തിന്റെ മെയിൽ ഐ ഡി: aidedupsmuriyad@gmail.com

ഫോൺ നമ്പർ : 7012371789

ജില്ലയിലെ ഏറ്റവും പഴക്കമേറിയതും ഇപ്പോൾ മികച്ച കെട്ടിടവും പഠനാനുകൂല സൗകര്യങ്ങളുമുള്ള എയ്ഡഡ് വിദ്യാ ലയങ്ങളിലൊന്നാണ്.തൃശ്ശൂർ ജില്ലയിൽ ഇരിഞ്ഞാലക്കുട വിദ്യാഭ്യാസ ഉപജില്ലയിലെ അപ്പർ പ്രൈമറി വിദ്യാലയമാണ് എ യു പി എസ് മുരിയാട് .1869 കുടി പള്ളിക്കൂടമായി മുരിയാടിന്റെ തിലകക്കുറിയായി ഈ വിദ്യാലയം പ്രവർത്തനമാരംഭിച്ചു .വർഷങ്ങളുടെ സ്തുത്യർഹമായ പ്രവർത്തന പാരമ്പര്യവുമായി ഒത്തിരി തലമുറകളുടെ സ്വപ്നങ്ങൾക്കു ചിറകു വിരിക്കാൻ ഈ വിദ്യാലയത്തിന് സാധിച്ചു .വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതികവുമായ എല്ലാ മുന്നേറ്റങ്ങൾക്കും എല്ലാവരുടെയും ആത്മാർത്ഥമായ സഹായസഹകരണങ്ങൾക്ക് ഈ വിദ്യാലയത്തിന്റെ പേരിൽ പ്രത്യേകം നന്ദി അറിയിക്കുന്നു.



**ചരിത്രം**

തൃശ്ശൂർ ജില്ലയിൽ മുകുന്ദപുരം താലൂക്കിലെ മുരിയാട് ഗ്രാമപഞ്ചായത്തിൽ ആനന്ദപുരം, കല്ലേറ്റുംകര , ആലത്തൂർ,പുല്ലൂർ പ്രദേശങ്ങൾക്കിടയിൽ മുരിയാട് റെയിൽവെ ഗേറ്റിനരികെ ആണ് മുരിയാട് വില്ലേജിലെ ഏക സരസ്വതി ക്ഷേത്രമായ മുരിയാട് എ എൽ പി & യു പി സ്ക്കൂൾ സ്ഥിതി ചെയ്യുന്നത്. ശ്രീ പൂവ്വശ്ശേരിക്കാവ് ഭഗവതി ക്ഷേത്രത്തിന് സമീപം വിശാലമായ പാടവും പറമ്പും നിറഞ്ഞ പ്രശാന്ത സുന്ദരമായ അന്തരീക്ഷം. ഇടയ്ക്കിടെ കടന്നു പോകുന്ന തീവണ്ടികളുടെ ചൂളം വിളികൾ.ഇവിടെയാണ് 125 വർഷത്തിലധികമായി നേരും നെറിവും ഒരു ജനതക്ക് പകർന്നു നൽകി വിദ്യയുടെ കെടാവിളക്കായി നിൽക്കുന്നത്.

ശ്രീ മഠത്തിൽ ശങ്കരൻ നായർ മുരിയാടിന്റെയും പരിസര പ്രദേശങ്ങളിലെയും ജനങ്ങളുടെ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട് ഒരു കുടിപ്പള്ളി ക്കൂടം സ്ഥാപിച്ചു. ഇപ്പോൾ സ്ഥിതി ചെയ്യുന്നതിനും കുറച്ച് പടിഞ്ഞാറുമാറിയാണ് അന്നത്തെ പള്ളിക്കൂടം സ്ഥിതി ചെയ്തിരുന്നത്. അക്കാലത്ത് നിലത്തെഴുത്താശാന്മാർ നിലത്തെഴുതിയാണ് വിദ്യ അഭ്യസിപ്പിച്ചിരുന്നത്.ഏതാനും വര്ഷങ്ങള്ക്ക ശേഷം 1072 ചിങ്ങം എട്ടാം തിയ്യതി 1896 സെപ്റ്റംബർ 22 നു ഒന്ന് മുതൽ നാലര ക്ളാസ്സുകളോടെ ശ്രീ നാരായണമേനോന്റെ പ്രധാന നേതൃത്വത്തിൽ ഇപ്പോഴത്തെ കെട്ടിടത്തിൽ ക്ലാസ്സുകൾ ആരംഭിച്ചു. 1968 ൽ അപ്പർ പ്രൈമറി സ്ക്കൂളായി ഉയർത്തി.

മുരിയാട് പഞ്ചായത്തിലെ ആറാം വാർഡിലാണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഈ പ്രദേശത്തെ ജനങ്ങൾ പൊതുവെ ഇടത്തരക്കാരും കർഷകരുമാണ്. ജനങ്ങൾ ഉദ്‌ബുദ്ധരും കലാ സാംസ്കാരിക രംഗങ്ങളിൽ മികവ് പുലർത്തുന്നവരുമാണ്. മുരിയാട് പഞ്ചായത്തിന്റെ സാംസ്കാരിക സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങളിൽ മികച്ച പങ്ക് വഹിക്കുന്നവരുമാണ്.

## ലക്ഷ്യങ്ങൾ

6Academic master plan AUPS Muriyad 2025-26

- മുഴുവൻ കുട്ടികൾക്കും അറിവിന്റെ ഉയർന്ന തലത്തിലേക്ക് എത്താൻ സഹായകമായ പഠനാവസരം ലഭ്യമാക്കുക
- ഓരോ കുട്ടിയേയും അറിയുക
- എന്റെ കുട്ടി എന്ന ആശയം ഏറ്റെടുക്കുക
- ആധുനിക സാങ്കേതിക വിദ്യ പ്രയാജനപ്പെടുത്തിയുള്ള മികച്ച പഠനത്തിനായി എല്ലാ ക്ളാസ് മുറികളും ഹൈടെക് ആക്കുക.
- "മലയാളത്തിളക്കം" ഹലോ ഇംഗ്ലീഷ്, സുരീലി ഹിന്ദി, ഗണിത മധുരം, ശാസ്ത്ര സമേതം പ്രവർത്തനങ്ങളിലൂടെ പഠനത്തിൽപിന്നാക്കം നിൽക്കുന്നവരെ പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലേക്ക് എത്തിക്കുക.
  ലൈബ്രറി നവീകരണത്തിലൂടെ കുട്ടികളിൽ വായനാശീലം വളർത്തുക.
- കുട്ടികളുടെ സർഗ്ഗപരവും ശാസ്ത്രപരവും അക്കാദമികപരവും കായികപരവുമായ കഴിവുകൾ പരമാവധി പ്രാത്സാഹിപ്പിച്ച് മികച്ച പൗരന്മാരായി വളർത്തുക.
- ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുക.
- ഓരാ വിദ്യാർത്ഥിയും ആർജിക്കേണ്ട ശേഷികളും ധാരണകളും നൈപുണികളും ഉറപ്പുവരുത്തുക.
- ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് സൗജന്യ വിദ്യാഭ്യാസം എല്ലാ ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.
- ഭിന്നശേഷി സൗഹൃദ വിദ്യാലയ അന്തരീക്ഷം രൂപപ്പെടുത്തുക. അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.
- ഓരാ ക്ലാസുകളിലും നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കാണ്ടുള്ള പ്രവർത്തനങ്ങളും അവസമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തുക.
- എല്ലാ കുട്ടികൾക്കും ഭാഷാ വിഷയങ്ങൾ ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പുവരുത്തുക (മലയാളം, ഇംഗ്ലീഷ്, ഹിന്ദി,,സംസ്കൃതം ,ഉറുദു)
- സ്ക്കൂൾ ക്യാമ്പസിനെ പ്ലാസ്റ്റിക്ക് മുക്തമാക്കുക. മദ്യം,മയക്കുമരുന്ന് മുക്ത ക്യാമ്പസ്സാക്കുക.
- പുകയില മുക്ത ക്യാമ്പസാക്കുക
- പരിസ്ഥിതി സൗഹൃദ ക്യാമ്പസ്
- ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുക. സൗരോർജ്ജ പാനൽ സ്ഥാപിക്കുക
- കിണർ റീചാർജിങ്

7Academic master plan AUPS Muriyad 2025-26

- സീറോ കാർബൺ വിദ്യാലയം
- പോഷക സമ്പന്നമായ ഉച്ച ഭക്ഷണം
- ശലഭോദ്യാനം
- അക്വേറിയം
- ഉന്നത നിലവാരത്തിലുള്ള അധ്യാപനം ഉറപ്പാക്കാൻ അധ്യാപക ശാക്തീകരണ പരിപാടികൾ ആസൂത്രണം ചെയ്യും.ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരം ഒരുക്കും
- ഗണിതശേഷി വികസനം
- ശാസ്ത്രപോഷണ പരിപാടി
- പഠനത്തിൽ പിന്നാക്കക്കാരെ തുടക്കത്തിലെ കണ്ടെത്തി ആവശ്യമായ സഹായം പാഠ്യപദ്ധതിയുടെ സത്ത ഉൾക്കൊണ്ട് ലഭ്യമാക്കുക
- പ്രതിഭാ പോഷണ പരിപാടി (ടാലന്റ് ലാബ്)
- സാഹിത്യ പോഷണ പരിപാടികൾ -സാഹിത്യ സമാജം
- ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് പഠനയാത്രകൾ ,
- മാസാന്ത്യക്വിസ്, വർഷാന്ത്യ ക്വിസ്
- ഓരോ മാസത്തെയും പ്രവർത്തനങ്ങളുടെയും നടത്തിപ്പ് ചുമതല ഓരോ അധ്യാപകർക്ക്
- പഠന ക്യാമ്പുകൾ ,ശിൽപ്പശാലകൾ ,വിദഗ്ധരുടെ ക്ലാസുകൾ ,സെമിനാറുകൾ, പ്രൊജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠന തന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക
- കലാകായിക പ്രവർത്തി പരിചയം മികവ് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ ഭൗതിക മാനസിക സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കും
- സ്കൂൾ പ്രവർത്തനങ്ങൾഫലപ്രദമാക്കുന്നതിന് ജനകീയ ഇടപെടൽ ഉറപ്പാക്കുകയും പ്രാദേശിക വിഭവങ്ങൾ പ്രയോജനപ്പെടുത്തുകയും ചെയ്യും
- ഐ ടി പരിശീലനം,പ്രവർത്തി പരിചയ പഠനം,രചനാശില്പശാല പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുക
- കുട്ടികൾക്കായി ഗൈഡൻസ് കൗണ് സിലിംഗ് സൗകര്യങ്ങൾ ഒരുക്കുക
-

ഓരാ കുട്ടിയും മൂന്ന ഭാഷയിൽ എങ്കിലും ആശയവിനിമയശേഷി നേടണം .

- ഭാഷാ ലാബ്,,അഭിമുഖങ്ങൾ ,വായനാ പരിപാഷണം എന്നീ പദ്ധതികൾ നടപ്പിലാക്കുക. ദിനാചരണം
- സംഗീത ,ചിത്രകല അഭിരുചികൾ വളർത്തിയെടുക്കുക.
- എല്ലാ കുട്ടികൾക്കും എല്ലാ മേഖലകളിലും അനുഭവം ലഭിക്കുന്നതിനും സർഗ്ഗപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും അവസരം ഒരുക്കും. അതിനായി മുഴുവൻ വിദ്യാർഥികളെയും വിവിധ ക്ലബ് പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുക.
- വിദ്യാർത്ഥികളിൽ നേതൃഗുണവും സംഘാടന മികവും സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങളിൽ പങ്കാളിത്തം ഉറപ്പു വരുത്താനും നല്ല പാഠം,സീഡ്, പരിസ്ഥിതി ക്ലബ് പ്രവർത്തനങ്ങൾ
- കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക, മാലിന്യനിർമാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കുക ,കുട്ടികൾക്ക് പോഷക സമൃദ്ധവും വിഷരഹിതവുമായ ഉച്ചഭക്ഷണം ഉറപ്പുവരുത്തുന്നതിനായി വിവിധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ അടുക്കളത്തോട്ടം , "കുട്ടി കർഷകർ കൃഷിയിലേക്ക്"എന്നീ പദ്ധതികൾ തുടരുക.
- പഠനത്തിൽ മുന്നാക്കം നിൽക്കുന്ന കുട്ടികളെ ഉപയാഗിച്ച് പിന്നാക്കം നിൽക്കുന്ന കുട്ടികളെ പഠനത്തിന്റെ മുൻധാരയിലേക്ക് എത്തിക്കുന്നതിനായി "കുട്ടി ടീച്ചർ" പദ്ധതി നടപ്പിലാക്കുക. രക്ഷിതാക്കളുമായി നല്ല സൗഹൃദ ബന്ധം സ്ഥാപിക്കുക

**<u>മികവുകൾ</u>**

ഇരിഞ്ഞാലക്കുട ഉപജില്ല ഉറുദു കലോത്സവത്തിൽ തുടർച്ചയായി ഒമ്പതാം തവണയും ഓവറോൾ ട്രോഫി നേടി കരസ്ഥമാക്കാനും ശ്രാവണികം സംസ്കൃത സ്കോളർഷിപ്പ് മത്സരത്തിൽ സബ്

ജില്ലാതരത്തിൽ മികവാർന്ന വിജയം നേടാനും സാധിച്ചു. ശാസ്ത്രം, ഗണിതം ,ഐടി ,പ്രവർത്തിപരിചയം എന്നീ മേഖലകളിൽ പങ്കെടുത്ത വിദ്യാർഥികൾക്കും വിവിധ സ്ഥാനങ്ങൾ ലഭിച്ചു. കുട്ടികളുടെ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കാനും പ്രത്യേക പരിശീലനം നൽകാൻ കഴിഞ്ഞതുമാണ് ഈ വിജയങ്ങളുടെ പിന്നിലുള്ള ശക്തി.

മുരിയാട് എ യു പി സ്ക്കൂളിലെത്തുന്ന വിദ്യാർത്ഥികൾ സ്ക്കൂൾ വിട്ടിറങ്ങുമ്പോൾ പഠന പാഠ്യേതര മേഖലകളിൽ കഴിവുള്ള കുട്ടികളായി തീരണം എന്ന ലക്ഷ്യത്തോടെയുള്ള പരിശീലനമാണ് നൽകിയത് .വിവിധ ക്ലബ്ബുകൾ സംഘടനകൾ എന്നിവ സംഘടിപ്പിക്കുന്ന രചനാ മത്സരങ്ങൾ മറ്റു മത്സരങ്ങൾ എന്നിവയിൽ പങ്കെടുക്കാൻ തക്കതരത്തിലുള്ള ആത്മവിശ്വാസം വളർത്തിയെടുക്കുന്നത് വഴി കുട്ടികളുടെ അക്കാദമിക നിലവാരം ഉയർന്നുവരുന്നു.

വിദ്യാർത്ഥികളുടെ സർവ്വതോന്മുഖമായ വികസനമാണ് വിദ്യാഭ്യാസം കാണ്ട് ലക്ഷ്യമിടുന്നതെന്ന ആശയം മുൻനിർത്തിയുള്ള പഠന പ്രവർത്തനങ്ങളാണ് മാസ്റ്റർ പ്ലാനിലൂടെ പ്രാവർത്തികമാക്കാൻ ശ്രമിക്കുന്നത്. പാഠപുസ്തകത്തിൽനിന്ന് മാത്രമല്ലാതെയുള്ള പഠനം സാധ്യമാകുന്ന ഭൗതിക, സാമൂഹിക സാഹചര്യങ്ങൾ ഇഴ ചേർത്തുള്ള അക്കാദമിക പ്രവർത്തനങ്ങൾക്കാണ് പ്രാമുഖ്യം നൽകിവരുന്നതും. ജീവിതം നൈപുണികൾ വികസിപ്പിക്കുന്നതിനാപ്പം സമൂഹമായി ഇടപഴകാനും മറ്റുള്ളവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കാൻ കഴിയുന്ന തരത്തിലുള്ള മാനസിക വികസനം സാധ്യമാകുന്ന തരത്തിൽ സാമൂഹിക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത് കുട്ടികളുടെ വ്യക്തിത്വ വികസനത്തിന് വേണ്ടിയും വിദ്യാലയത്തെ സമൂഹവുമായി ബന്ധപ്പെടുത്തുക എന്ന ആശയം മുൻനിർത്തിയുമാണ്. ഈ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കുമെന്ന് തന്നെയാണ് പ്രതീക്ഷ.

നൂറ്റാണ്ടുകൾ പഴക്കമുള്ള സാംസ്കാരിക പൈതൃകം കാത്തുസൂക്ഷിക്കുന്ന വിദ്യാലയത്തിന്റെ മുൻകാല മികവുകളെ ഊർജ്ജമാക്കിയും പിഴവുകളെ പാഠമാക്കിയും മേന്മകൾ കൂടുതൽ സമ്പുഷ്ടമാക്കാനാണ് ഈ മാർഗ്ഗരേഖ ലക്ഷ്യമിടുന്നത്

**<u>സ്ക്കൂൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധികൾ , പരിമിതികൾ</u>**

10Academic master plan AUPS Muriyad 2025-26

130 വർഷം പഴക്കമുള്ള വിദ്യാലയമാണ്. പ്രീ പ്രൈമറി മുതൽ 7ാം ക്ലാസ്സ് വരെയുള്ള മുരിയാട് എ യു പി സ്കൂൾ ,പ്രീ പ്രൈമറി , എൽപി , യു.പി ,വിഭാഗങ്ങളിലെ എല്ലാ ക്ലാസ്സുകളും പുതിയ കെട്ടിടത്തിലേക്ക് മാറ്റാൻ ആവശ്യമായ ക്ലാസ്സ് മുറികൾ ആയിട്ടില്ല . കുറച്ച് ക്ലാസ്സ് മുറികൾ ഇപ്പോഴും പഴയ കെട്ടിടത്തിൽ തന്നെയാണ്. പഴയ ഓടിട്ട കെട്ടിടങ്ങൾ കുറച്ച് പൊളിച്ചു മാറ്റാനും ഉണ്ട്. മുൻ കാഴ്ചയില്ലാതെ പണിതതുകൊണ്ട് പ്രയാസങ്ങൾ നേരിടുന്നുണ്ട് . കുട്ടികൾക്ക് കളിക്കാനും അസംബ്ലി ചേരുവാനും മരങ്ങൾ നട്ടുപിടിപ്പിക്കാനും പച്ചക്കറി നടാനും മറ്റുമുള്ള പരിമിതികൾ ഇപ്പോഴുള്ള സാഹചര്യത്തിൽ കുട്ടികൾ നേരിടുന്നുണ്ട് . ഇത്തരം പരിമിതികളെ തരണം ചെയ്തുകൊണ്ട് അടുത്ത 2 വർഷത്തിനുള്ളിൽ ഈ വിദ്യാലയത്തെ ഏറ്റവും മികച്ച ഭൗതികാന്തരീക്ഷമുള്ള വിദ്യാലയമായി മാറ്റാൻ സാധിക്കും.

മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റനാട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| *ഭാഷാശേഷി വികസനം<br>*ഗണിതശേഷി<br>*ശാസ്ത്രപോഷണ പരിപാടി<br>*വായനാ പരിപോഷണം<br>*ലൈബ്രറി ശാക്തീകരണം<br>*പ്രതിഭാ പോഷണ പരിപാടി (Talent lab)<br>*പഠനയാത്രകൾ<br>*സെമിനാറുകൾ<br>*കലാകായിക മേളകൾ<br>*ഐ ടി പരിശീലനം<br>*സ്കൂൾ പത്രം / മാസിക<br>*പ്രവർത്തി പരിചയ പഠനം<br>*ശാസ്ത്രാഭിരുചി വളർത്തൽ<br>*പച്ചക്കറിത്തോട്ടം<br>*രചനാശില്പശാലകൾ<br>*അഭിമുഖങ്ങൾ<br>*പോഷകാഹാര പരിപാടി<br>* ഭാഷാ ലാബ്<br>*ടേം മൂല്യനിർണയം നിരന്തര വിലയിരുത്തലുകൾ<br>*ദിനാചരണം | *ചുറ്റുമതിൽ<br>*കളിസ്ഥലം<br>* ക്ലാസ് മുറികൾ<br>*സ്റ്റാഫ് മുറി<br>*കമ്പ്യൂട്ടർ റൂം<br>*ലൈബ്രറി<br>*ഡൈനിങ് ഹാൾ<br>*അസംബ്ലി ഹാൾ<br>*കുടിവെള്ള വിതരണം<br>*മാലിന്യ സംസ്കരണം<br>* ടോയ്ലെറ്റ്<br>*ലബോറട്ടറി | *പിടിഎ ശക്തിപ്പെടുത്തൽ<br>*പൂർവ്വവിദ്യാർത്ഥി സംഘടനകൾ<br>*വിദ്യാലയ മികവുകൾ പൊതു സമൂഹവുമായി പങ്കിടൽ<br>*വിദ്യാലയ വിഭവങ്ങൾ സമൂഹത്തിനു കൂടി പ്രയോജനപ്പെടുത്തൽ<br>*പ്രാദേശിക പി.ടി.എ<br>*ഭവന സന്ദർശനം |
| | | |

**അക്കാദമികം**

ഭാഷാശേഷി വികസനം

ഭാഷാശേഷി വികസനത്തിനായി വിവിധതരം പ്രവർത്തനങ്ങൾ നടന്നവരുന്നു . ഇതിന്റെ ഭാഗമായി ഓരോ ഭാഷകളിലുമുള്ള പുസ്തകങ്ങൾ സ്ക്കൂൾ ലൈബ്രറിയിൽ ശേഖരിക്കുന്നതോടൊപ്പം വിദ്യാർത്ഥികളുടെ വായന പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു . കൂടുതലായി ഓരോ ഭാഷകളിലായുള്ള പത്രങ്ങൾ മാസികകൾ കുട്ടികൾ വായിക്കുന്നതിനും ക്ലാസ് തലത്തിലും സ്ക്കൂൾ തലത്തിലും ഇത്തരം പത്രങ്ങളും മാസികകളുംപ്രസിദ്ധീകരിക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി വരുന്നു.

ഗണിതശേഷി

ഗണിതശേഷി വർദ്ധിപ്പിക്കുന്നതിൻ കൂടുതൽ മുൻതൂക്കം നൽകുന്നതിൻ ഗണിത ലാബിന്റെപ്രവർത്തനം ആരംഭിച്ചിട്ടുണ്ട് . ഗണിതം ലളിതം , ഗണിതം ജീവിതം എന്നിവയിലൂടെ വിദ്യാർ ത്ഥികൾക്ക് ഗണിതം എളുപ്പ വിഷയമാക്കുന്നതിനും ജീവിതത്തിൽ ഉപകാരപ്രദമായ രീതിയിൽ മനസ്സിലാക്കുന്നതിലും വേണ്ടിയുള്ള പ്രവർത്തനം നടത്തിവരുന്നു .

ശാസ്ത്രപോഷണ പരിപാടി ശാസ്ത്രപോഷണത്തിനുവേണ്ടി സയൻസ് ലാബ് പ്രവർത്തനം വിപുലീകരിച്ചിട്ടുണ്ട്. കൂടാതെ മേഖലാ ശാസ്ത്ര കേന്ദ്രങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് ക്ലാസുകളും സെമിനാറുകളും നടത്തിവരുന്നു.

വായനാ പരിപോഷണം

വായനാ പരിപോഷണത്തിനു ആനുകാലിക പ്രസിദ്ധീകരണങ്ങൾ, പത്രങ്ങൾ, മാസികകൾ എന്നിവ വായനശാലയിൽ നിന്ന് ശേഖരിച്ച് ഇടവേളകളിൽ ഇവവായിക്കാൻ വേണ്ട ക്രമീകരണങ്ങൾ നടത്തി വരുന്നു.

ലൈബ്രറി ശാക്തീകരണം

ലൈബ്രറി ശാക്തീകരണത്തിന്റെ ഭാഗമായി ലൈബ്രറി നവീകരിച്ചു.കൂടാതെ തുടർച്ചയായി മൂന്ന് വർഷമായി പുസ്തക പ്രദർശനം നടത്തുകയുംപുസ്തകങ്ങൾ വിദ്യാർത്ഥികളും അധ്യാപകരും വാങ്ങി ലൈബ്രറിയിലേക്ക് സംഭാവന ചെയ്യുകയും ചെയ്യുന്നു.ലൈബ്രറിയെ പൊതുജനങ്ങളുമായി ബന്ധപ്പെടുത്തേണ്ടതിന്റെ ഭാഗമായി ലൈബ്രറി പുസ്തകങ്ങൾ രക്ഷിതാക്കൾക്ക് പ്രത്യേകിച്ച് അമ്മമാർക്ക് നൽകി വായനാശീലം വളർത്താൻ വേണ്ട പ്രവർത്തനം നടത്തി വരുന്നു.എല്ലാ ക്ലാസ്സുകളിലും റഫറൻസ് ലൈബ്രറി സ്ഥാപിക്കുക.ഡിജിറ്റൽ ലൈബ്രറി ആരംഭിക്കേണ്ടതുണ്ട്.

പ്രതിഭാ പോഷണ പരിപാടി (Talent lab)

പ്രതിഭാ പോഷണം നടത്തുന്നതിനായി ക്വിസ്സ് മത്സരങ്ങൾ നടത്തിവരുന്നു.സിവിൽ സർവ്വീസ് ,കരിയർ ഗൈഡൻസ് ക്ളാസ്സുകൾ,വ്യക്തിത്വ വികസന ക്ളാസ്സുകൾഎന്നിവ പി.ടി.എ പൂർവ്വ വിദ്യാർത്ഥികൾ എന്നിവരുടെ സഹകരണത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.മികച്ച പ്രതിഭകളെ കണ്ടെത്തി അവർക്ക് കലാ കായിക പരിശീലനം നൽകണം.

നാടകക്കളരി

നാടകത്തിൽ താൽപര്യമുള്ള ആളുകളെ ഉൾപ്പെടുത്തി നാടകക്കളരി നടത്താൻവേണ്ട പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട് ഇതിനുവേണ്ടി ഈ രംഗത്ത് പ്രവർത്തിക്കുന്ന പൂർവ്വ വിദ്യാർത്ഥികളുടെയും നാടക പ്രവർത്തകരുടെയും കൂട്ടായ്മ രൂപീകരിക്കണം.

സാഹിത്യ പോഷണ പരിപാടികൾ

സാഹിത്യ പോഷണത്തിൻ വേണ്ടി സാഹിത്യ ശില്പശാലകൾ നടത്തി വരുന്നു.ഓരോ വർഷവും പ്രശസ്തരായ സാഹിത്യകാരൻമാരെ കൊണ്ടുവന്ന്ക്ലാസെടുപ്പിക്കുകയും സാഹിത്യ രചനാ മത്സരങ്ങൾ നടത്തി വരികയും ചെയ്യുന്നു. സാഹിത്യകാരൻമാരുമായി അഭിമുഖങ്ങളും മറ്റും നടത്താൻ വേണ്ട

പ്രവർത്തനങ്ങൾ സജീവമാകണം.പാഠഭാഗവുമായി ബന്ധപ്പെടുത്തി സാഹിത്യ സെമിനാറുകൾ, സോദാഹരണ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കണം.

പഠനയാത്രകൾ  പഠനയാത്രകൾ ക്ലാസുകൾ തരംതിരിച്ച് നടത്തിവരുന്നു. വിദ്യാർത്ഥികൾ യാത്രാകുറിപ്പുകൾ തയ്യാറാക്കൽ തുടങ്ങിയ അനുബന്ധ പ്രവർത്തനങ്ങൾ സജീവമായിനടത്തേണ്ടതാണ് .

സെമിനാറുകൾ    വിവിധ വിഷയങ്ങളിൽ സെമിനാറുകൾ നടത്തിവരുന്നു. സെമിനാറുകളിൽ വിദ്യാർത്ഥികളുടെ സജീവമായ സാന്നിധ്യം ഉറപ്പുവരുത്തേണ്ടതാണ് . സെമിനാറുകൾ നടത്തുന്ന വിഷയങ്ങളിൽ പ്രഗത്ഭരായ ആളുകളെ പങ്കെടുപ്പിക്കണം

കലാകായിക മേളകൾ   കലാകായിക മേളകൾ കുറച്ച് കൂടി കാര്യക്ഷമമായി നടത്തണം..സബ്ജില്ല ,ജില്ലാതലം  വരെവിദ്യാർത്ഥികൾ പങ്കെടുത്ത് വിജയം വരിക്കണം.കലാകായിക പ്രവർത്തനങ്ങളെ സ്ഥിരമായും ചിട്ടയായും നടത്തിവരുന്നു. കലാ കായിക മേളകളിൽ വിദ്യാർത്ഥികൾക്ക് വിദഗ്ദ പരിശീലനം നൽകണം.

ഐ ടി പരിശീലനം

ഐ ടി പരിശീലനം വളരെ നല്ല നിലയിൽ നടത്തണം

ക്ലാസ് പി ടി എ സജീവമാക്കൽ

ജനറൽ പി ടി എ കൾ വർഷത്തിൽ രണ്ടു തവണ നടത്തിവരുന്നു .ക്ലാസ് പി ടി എ കൾ ഓരോ ടേമിലും നടത്തിവരുന്നു .പല ക്ലാസ്സുകളിലും രക്ഷിതാക്കളുടെ വേണ്ടത്ര പങ്കാളിത്തം ഉണ്ടാകുന്നില്ല. ഇത് പരിഹരിക്കണം കൂടാതെ രക്ഷിതാക്കളുടെ ഭാഗത്തു നിന്നും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ച് നല്ലകാര്യങ്ങൾ നടപ്പിലാക്കാൻ വേണ്ട പ്രവർത്തനങ്ങൾ നടത്തി വരുന്നു.

സ്കൂൾപത്രം / മാസിക

പി ടി എ പൂർവ്വ വിദ്യാർത്ഥികൾ,വ്യാപാരി വ്യവസായികൾ, ഗ്രാമപഞ്ചായത്ത് മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്താൽ സ്കൂൾ പത്രം ,മാസിക എന്നിവ പ്രസിദ്ധീകരിക്കാൻ വേണ്ട പ്രവർത്തനങ്ങൾ നടത്തുന്നു.

പ്രവർത്തി പരിചയ പഠനം

പ്രവർത്തി പരിചയ പഠനം എല്ലാ ക്ലാസുകളിലും നടത്തി വരുന്നു. വിദ്യാർത്ഥികൾക്ക് ഉപകാരപ്രദമായ കുടനിർമ്മാണം ,പാഴ് വസ്തുക്കളിൽ നിന്ന്കൗതുക വസ്തുനിർമ്മാണം ആഭരണ നിർമ്മാണം തുടങ്ങിയവ നടത്തിവരുന്നു.തയ്യൽ പരിശീലനം , എൽ. ഇ .ഡിബൾബ് നിർമ്മാണം തുടങ്ങിയവ നടത്താൻ വേണ്ട പ്രവർത്തനങ്ങൾ നടത്തി വരുന്നു.

എസ് . ആർ . ജി ശാക്തീ കരണം

സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് വിവിധ വിഷയങ്ങൾ എടുക്കുന്ന അധ്യാപകരെ ഉൾപ്പെടുത്തി മാസത്തിലെ ആദ്യത്തെ ആഴ്ച ചേരുകയും പ്ലാനിംഗ് നടപ്പാക്കി വരികയും ചെയ്യുന്നു.

ശാസ്ത്രാഭിരുചി വളർത്തൽ

ശാസ്ത്രാഭിരുചി വളർത്താൻ വേണ്ട പ്രവർത്തനങ്ങൾ നടത്തി വരുന്നു. ലളിതമായ പരീക്ഷണങ്ങൾ ക്ലാസുകളിൽ നടത്തി വരുന്നു .കുട്ടികൾക്ക് ഇത്തരം പരീക്ഷണങ്ങൾ കാണാനും പരീക്ഷിക്കാനും അവസരം നല്കി വരുന്നു.

പച്ചക്കറിത്തോട്ടം
സ്കൂളിലെ നിലവിലുള്ള സാഹചര്യത്തിൽ നിന്ന് കൊണ്ട് പരിമിതമായ രീതിയിൽ കവറുകളിലും മറ്റും പച്ചക്കറി വിത്തുകൾ നട്ട് വിളവെടുപ്പുകൾ നടത്തി വരുന്നു നല്ല ഒരു മരത്തിനിത്തോട്ടം.സ്കൂളിൻ സമീപ പ്രദേശത്ത് ഉചിതമായ സ്ഥലം കണ്ടെത്തി കൃഷി ആരംഭിച്ചിട്ടുണ്ട്. പച്ചക്കറിത്തോട്ടം കൂടുതൽ സജീവമായി നടത്താൻ വേണ്ട പ്രവർത്തനങ്ങൾ നടത്തി വരുന്നു. എല്ലാ വിദ്യാർത്ഥികളുടെയും വീട്ടിൽ അടുക്കളത്തോട്ടം നിർമ്മിക്കാനുള്ള പ്രോത്സാഹനം നൽകണം

രചനാശില്പശാലകൾ
വിവിധ ഭാഷാവിഷയങ്ങളിൽ രചനാ ശില്പശാലകൾ നടത്തിവരുന്നു. ഇതിൽ കൂടുതൽ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി സജീവമാക്കാൻ തീരുമാനിച്ചു. അഭിമുഖങ്ങൾ സമൂഹത്തിലെ വ്യത്യസ്ഥരായ ആളുകളെ പങ്കെടുപ്പിച്ചു കൊണ്ട് അഭിമുഖങ്ങൾ നടത്തി വരുന്നു.
പോഷകാഹാര പരിപാടി
സർക്കാർ തലത്തിലുള്ള ഉച്ചഭക്ഷണ പരിപാടിയുമായി ബന്ധപ്പെട്ട് ദിവസേന പ്രീ പ്രൈമറി മുതൽ ഏഴ് വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്ക് വ്യത്യസ്ഥമായ മെനു പ്രകാരം രുചികരമായ ഭക്ഷണ പരിപാടി നടത്തിവരുന്നു.സാമ്പത്തികം ലഭിക്കുകയാണെങ്കിൽ പ്രഭാത ഭക്ഷണ പരിപാടിയും നടത്തണം
ഭാഷാ ലാബ്
മലയാളം ,സംസ്കൃതം,ഉറുദു,ഇംഗ്ലീഷ്, ഹിന്ദി ഭാഷകളെ പ്രോത്സാഹിപ്പി-ക്കുന്നതിനുവേണ്ടി ഭാഷാ ലാബുകളെ പ്രോത്സാഹിപ്പിക്കണം. അതിനായി സ്കൂൾ അസംബ്ലി ഒരോ ദിവസവും ഒരോ ഭാഷയിൽ, സി ഡി പ്രദർശനം , സാഹിത്യപ്രവർത്തനങ്ങൾ, പത്രം ,മാസികകൾ ശേഖരിക്കൽ, പ്രസിദ്ധീകരിക്കൽ എന്നീ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

സാമൂഹ്യ മാധ്യമങ്ങൾ
സ്കൂൾ ബ്ലോഗ്, Facebook Instagram പോലുള്ള സാമൂഹ്യ മാധ്യമങ്ങളിൽ ആരംഭിച്ചിരുന്നുവെങ്കിലും അതത് സമയത്തുള്ള കൂട്ടിച്ചേർക്കലുകൾ നടത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നില്ല. ഇത്തരം തുടർ പ്രവർത്തനങ്ങൾ നടത്താൻ തീരുമാനിച്ചു.
ടേം മൂല്യനിർണയം - നിരന്തര വിലയിരുത്തലുകൾ ടേം മൂല്യനിർണയവും നിരന്തര വിലയിരുത്തലുകളും നടന്നുവരുന്നു.നിരന്തരവിലയിരുത്തലുകൾ കൂടുതൽ കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിച്ചു.
ദിനാചരണം
ദിനാചരണങ്ങൾ അതിന്റേതായ പ്രാധാന്യം നൽകി നടത്തിവരുന്നു. ഓരോ മാസത്തെയും ദിനാചരണങ്ങളുടെ ചുമതല ഓരോ അധ്യാപകർക്കായ മുൻകൂട്ടി നൽകി.വിഷയങ്ങളോട്ബന്ധപ്പെട്ട് കിടക്കുന്ന പാതുവായ ദിനാചരണങ്ങൾ ക്ലാസ് തലത്തിലും സ്കൂൾതലത്തിലും കൂടുതൽ കാര്യക്ഷമമായി നടത്തും.
കായിക പഠനം
കായിക പഠനം ,പരിശീലനം എന്നിവ നല്ലരീതിയിൽ നടന്നുവരുന്നു.കൂടുതൽ കുട്ടികളെ പങ്കാളികളാക്കും.എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പു വരുത്തും. ഡ്രസ്സ്, കളി ഉപകരണങ്ങൾ എന്നിവ വാങ്ങാൻ ഫണ്ട് ലഭ്യമാക്കും.

**സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം**

ജൂൺ 3 മുതൽ ജൂൺ 13 വരെ -പ്രത്യേക പ്രവർത്തനങ്ങൾ
സ്കൂളിൽ നടക്കേണ്ട കാര്യങ്ങൾ

# എസ്.ആർ.ജി കൂടണം. ഓരോ ദിവസത്തെയും ക്ലാസ്സ് കൈകാര്യം ചെയ്യുന്ന ചുമതല തീരുമാനിക്കണം.
എസ്.ആർ.ജി മാജിൽ തയ്യാറാക്കണം.
# 1 മുതൽ 4 വരെയുള്ള എല്ലാ ക്ലാസിലും എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കി വേണം പ്രവർത്തനങ്ങൾ നടത്തേണ്ടത്.
# കുട്ടികളുടെ പ്രായത്തിനനുസരമായി സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് മേൽവിഷയങ്ങളുടെ മൊഡ്യൂളുകൾ തയ്യാറാക്കണം.
# സ്കൂളിലെ മുഴുവൻ അധ്യാപകരും പ്രവർത്തനങ്ങൾക്കായി സജ്ജമാവുകയും അവ ഫലപ്രദമായി നടപ്പിലാക്കുകയും വേണം.#.ഈ പ്രവർത്തനങ്ങൾ കുട്ടികളുടെ ഭാഷയിലും മറ്റുവിഷയങ്ങളിലുള്ള പഠനവിടവ് കണ്ടെത്താനും പരിഹരിക്കാനുമുള്ള അവസരമായി കൂടി പ്രയോജനപ്പെടുത്തണം.# ജൂൺ 3 മുതൽ 13 വരെയുള്ള ദിവസങ്ങളിൽ ആണ് ഈ പ്രവർത്തനങ്ങൾ നടത്തേണ്ടത്.# ഒരു ദിവസം ഒരു മണിക്കൂർ നീക്കി വെക്കണം. നാടകം, സെമിനാർ, ഡിബേറ്റ്, റോൾ പ്ലേ എന്നിവ നടക്കുന്നുണ്ട് എങ്കിൽ അത് പൂർണമാക്കാനുള്ള അവസരം നൽകണം.

| തിയതി | വിഷയ മേഖലകൾ |
|---|---|
| 03/06/2025 | പൊതു വിഷയങ്ങൾ |
| 04/06/2025 | റോഡ് നിയമങ്ങൾ, സ്കൂൾ വാഹന സഞ്ചാരം, |
| 05/06/2025 | വ്യക്തി ശുചിത്വം, ഹരിത ക്യാമ്പസ്, സൗന്ദര്യവത്കരണം |
| 09/06/2025 | ആരോഗ്യം, വ്യായാമം, കായികക്ഷമത |
| 10/06/2025 | ഡിജിറ്റൽ അച്ചടക്കം |
| 11/06/2025 | പൊതുമുതൽ സംരക്ഷണം, കാലാവസ്ഥ |
| 13/06/2025 | രാസ ലഹരി, സ്ക്രീൻ ലഹരി |

## സമഗ്ര പുരോഗതി രേഖ (Holistic Progress Card)

- **ഒരു കുട്ടിയുടെ പുരോഗതി ഒരു ബഹുമേഖലാപരമായ പ്രക്രിയയാണ്. അത്തരം വളർച്ചയെ ശാസ്ത്രീയമായി രേഖപ്പെടുത്താനും ശേഖരിക്കാനും, തുടർന്നുള്ള അധ്യയനത്തിനും പിന്തുണയ്ക്കുന്നതിനും വേണ്ടിയാണ് സമഗ്ര പുരോഗതി രേഖ രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഇതൊരു പരീക്ഷാ മാർക്കിനപ്പുറം, കുട്ടിയുടെ ബുദ്ധിപരമായ കഴിവ്, സാമൂഹികമായ പെരുമാറ്റം, സൃഷ്ടിപരമായ കഴിവുകൾ, മാനസികസ്ഥിതികൾ, ശാരീരികക്ഷമത തുടങ്ങിയവയെ സമാനമായി വിലമതിക്കുകയും രേഖപ്പെടുത്തുകയും ചെയ്യുന്നു. ഈ രേഖ ഓരോ ക്ലാസിലും തുടർച്ചയായി പുതുക്കപ്പെടുകയും അടുത്ത ക്ലാസിലേക്ക് കൈമാറ്റം ചെയ്യപ്പെടുകയും വേണം.**
-

- **പ്രവർത്തന ലക്ഷ്യങ്ങൾ:**
- **കുട്ടിയുടെ ബഹുമേഖലാപരമായ വളർച്ച രേഖപ്പെടുത്തുക.**

- ബുദ്ധിമുട്ടുകളും പുരോഗതിയും തിരിച്ചറിയുകയും അതനുസരിച്ച് ഇടപെടലുകൾ ആസൂത്രണം ചെയ്യുകയും ചെയ്യുക.
- അഭിപ്രായങ്ങൾ, നിരീക്ഷണങ്ങൾ, വിവരങ്ങൾ എന്നിവ കൃത്യമായി ഒറ്റ രേഖയിൽ ഉൾപ്പെടുത്തുക.
- തുടർച്ചയായ അധ്യയനത്തിന് ശാസ്ത്രീയത നൽകുക.
- പാഠപദ്ധതികൾ, പഠനശൈലികൾ, അധ്യാപക ഇടപെടലുകൾ എന്നിവയുടെ ഫലപ്രാപ്തി വിലയിരുത്തുക.
- പ്രവർത്തന ഘട്ടങ്ങൾ:
- രേഖയുടെ രൂപരേഖ തയ്യാറാക്കൽ:
- പ്രധാന മേഖലകൾ:
- വൈജ്ഞാനികം (Academic)
- വൈകാരികം (Emotional)
- സാമൂഹികം (Social)
- ശാരീരികം (Physical)
- മാനസികം (Mental)
- ആചരണപൂർണ്ണത / മൂല്യബോധം
- ആശയവിനിമയക്ഷമത
- സഹപാഠികളുമായുള്ള ഇടപെടൽ / സഹകരണം
- വിലയിരുത്തലിന്റെറെ ഘടകങ്ങൾ നിർണ്ണയിക്കൽ:
- ഓരോ മേഖലയിലെയും നിരീക്ഷണ രേഖകൾ.
- അധ്യാപക കമന്റുകൾ / PTA വിലയിരുത്തൽ.
- ക്ലാസ്സ് പ്രവർത്തനങ്ങൾ, പ്രദർശനങ്ങൾ, അർഹതകൾ.
- കാലക്രമനുസൃതമായി രേഖപ്പെടുത്തൽ:
- മാസപരവും പാദപരവും ആയി നിരീക്ഷണങ്ങളും വിലയിരുത്തലുകളും രേഖപ്പെടുത്തുക.
- കുട്ടിയുടെ സ്വഭാവ വ്യത്യാസങ്ങൾ, വളർച്ചാനടവുകൾ എന്നിവ ഇടപെടലുകൾക്കനുസൃതമായി രേഖപ്പെടുത്തുക.
- പുതിയ ക്ലാസിലേക്ക് കൈമാറ്റം:
- ഓരോ വർഷവും വിശദമായ സമഗ്ര പുരോഗതി രേഖ ടീച്ചർ കൈമാറും.
- പുതിയ ക്ലാസ് ടീച്ചർ അതിന്റെ അടിസ്ഥാനത്തിൽ പദ്ധതി രൂപീകരിക്കും.
- വിലയിരുത്തൽ:
- നിരീക്ഷണങ്ങളുടെ താളീകരണം (Consistency).
- പുതിയ അധ്യാപകൻ/അധ്യാപികക്ക് ഉപകാരപ്പെടുന്നവിധം ഉള്ള വിവരങ്ങളുടെ ഗുണമേന്മ.
- വ്യക്തിഗത പഠനപദ്ധതികൾ ആസൂത്രണം ചെയ്യാൻ കഴിയുന്ന വിധം ഡാറ്റാ ശേഖരണം.
- പെരുമാറ്റ ശൈലി, പഠനശൈലി, ഇഷ്ടപാഠങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തൽ.
- മാതാപിതാക്കളുടെയും കുട്ടിയുടെയും അഭിപ്രായങ്ങൾ ഉൾപ്പെടുത്തുന്ന സംവിധാനം.
- അക്കാദമിക് മോണിറ്ററിംഗ് (Academic Monitoring)
- വിദ്യാർത്ഥികളുടെ പഠന പുരോഗതി ഉറപ്പുവരുത്തുന്നതിനായി അധ്യാപകരുടെ ആസൂത്രണം, ക്ലാസ് മുറിയിലെ ഇടപെടലുകൾ, കുട്ടികളുടെ പങ്കാളിത്തം, പഠനപ്രവർത്തനങ്ങൾ എന്നിവയുടെ ശാസ്ത്രീയ അവലോകനമാണ് അക്കാദമിക് മോണിറ്ററിംഗ്. പഠനം കേവലം ലക്ഷ്യബദ്ധമായതല്ല, കുട്ടികളെ ആഴത്തിലുള്ള അറിവിലേക്കും കഴിവിലേക്കും നയിക്കുന്നതുമാകണം. ഇത് ഉറപ്പാക്കുവാൻ മേൽനോട്ട ഉദ്യോഗസ്ഥർ സ്കൂൾതല പ്രവർത്തനങ്ങൾ പ്രതിവാരമായി വിലയിരുത്തുകയും അനുയോജ്യമായ പുനഃസംഘടനയ്ക്കും പിന്തുണയ്ക്കും തുടർന്നുള്ള ഇടപെടലുകൾക്കും നേതൃത്വം നൽകുകയും വേണം.
- പ്രവർത്തന ലക്ഷ്യങ്ങൾ:

- വിദ്യാലയങ്ങളിൽ HELP 2025 പ്രകാരമുള്ള പഠനപദ്ധതികൾ നടത്തപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കുക.
- അധ്യാപകരുടെ ആസൂത്രണത്തിന്റെയും ക്ലാസ് റൂം ഇടപെടലിന്റെയും ഗുണനിലവാരം വിലയിരുത്തുക.
- കുട്ടികളുടെ പഠനപുരോഗതി വിലയിരുത്തുന്നതിനുള്ള ഡിജിറ്റൽ തെളിവുകൾ, ക്ലാസ് പ്രവർത്തനങ്ങൾ, പോർട്ട്ഫോളിയോ മുതലായവ പരിശോധിക്കുക.
- ശ്രദ്ധയാകർഷിക്കേണ്ട മേഖലകളെ തിരിച്ചറിഞ്ഞ് പിന്തുണ നൽകുക.
- വിദ്യാലയ തലത്തിലുള്ള കൂട്ടായ്മകളെ (PTA, HM, SMC, SSK) പ്രോത്സാഹിപ്പിക്കുക.
- പ്രവർത്തന ഘട്ടങ്ങൾ:
- തീയതി നിശ്ചയിച്ച സന്ദർശനം:
- ഡയറ്റ്, DEO, AEO തുടങ്ങിയ ഉദ്യോഗസ്ഥർ പ്രതിവാരം ഒരു സ്കൂൾ സന്ദർശിക്കും. HELP 2025 ഹാൻഡ്ബുക്കിലെ നിർദ്ദേശങ്ങൾ അനുസരിച്ച് അവലോകനം നടത്തും.
- മോണിറ്ററിംഗ് ഉപാധികൾ:
- UNIT WISE MONITORING FORMAT: ഒന്നാം ഭാഗം: പഠനഫലങ്ങൾ,
- പ്രവർത്തനങ്ങൾ, ചോദ്യങ്ങൾ, പോയിന്റുകൾ എന്നിവ.
- PORTFOLIO EVIDENCE: കുട്ടികളുടെ പ്രവർത്തനങ്ങൾ, ചിത്രങ്ങൾ, വിലയിരുത്തൽ
- രേഖകൾ.
- NOTEBOOK ENTRY CHECKLIST: ക്ലാസ്സിലെ റിവ്യൂ, ഓൺ-ദ-സ്പോട്ട് വിലയിരുത്തൽ.
- OBSERVATION TOOL: കൃത്യമായി തയ്യാറാക്കിയ ക്ലാസ് റൂം നിരീക്ഷണ ഫോർമാറ്റ്.
- ഉദ്യോഗസ്ഥരുടെ ചുമതലകൾ:
- SCERT/DIET ഫാക്കൽറ്റി അംഗങ്ങൾ: വിലയിരുത്തലിന്റെ ശാസ്ത്രീയത ഉറപ്പാക്കുക.
- DIET PRINCIPAL: ജില്ലാതല മാർഗ്ഗനിർദ്ദേശം.
- DDE, DEO, AEO: സ്കൂൾ തല ചിട്ടവ്യവസ്ഥയും അധ്യാപക പിന്തുണയും.
- 0 DPC, BPC: പദ്ധതി നടപ്പാക്കലിന്റെ കൃത്യതയും ഉപരിതല സഹായങ്ങളും.
- വിദ്യാകിരണം മിഷൻ കോർഡിനേറ്റർ: ഡോക്യുമെന്റേഷൻ, ഡിജിറ്റൽ രേഖകൾ.
- പ്രതിവാര അവലോകനം:
- സന്ദർശനം, കുട്ടികളുടെ പ്രവർത്തനം, അധ്യാപകരുടെ ആസൂത്രണം, ക്ലാസ് അന്തരീക്ഷം എന്നിവയുടെ റിപ്പോർട്ട്.
- ബ്ലോക്ക്/ജില്ലാതല അവലോകന യോഗങ്ങൾ മുഖേന സംവേദനം.
- വിലയിരുത്തൽ:
- HELP 2025 പ്രകാരം ഓരോ യൂണിറ്റിനും സൂക്ഷ്മ നിരീക്ഷണ റിപ്പോർട്ട് തയ്യാറാക്കുക.
- കുട്ടികളുടെ പ്രതികരണങ്ങൾ, പഠന ലഘുചിത്രങ്ങൾ, പോർട്ട്ഫോളിയോ നോട്ടുകൾ എന്നിവ പരിശോധിക്കുക.
- അധ്യാപകരുടെ ടെസ്റ്റ് ബുക്ക്, ഡയറികൾ, യഥാസമയം എഴുതി വച്ച ആസൂത്രണങ്ങൾ പരിശോധിക്കുക.
- റീഡേഴ്സ് തിയേറ്റർ, ഗ്രൂപ്പ് പ്രവർത്തനങ്ങൾ, ആക്ടിവിറ്റി ബേസ്ഡ് അധ്യാപനം, സാമൂഹ്യ-ഭാഷാവികാസം തുടങ്ങിയ ഘടകങ്ങൾക്കുള്ള പങ്കാളിത്തം.
- അധ്യാപകരുമായി പ്രതികരണ സംവാദം നടത്തി മാർഗ്ഗനിർദ്ദേശം നൽകുക.
- വികാസപ്രദ വിലയിരുത്തൽ (Formative Assessment)
- വികാസപ്രദ വിലയിരുത്തൽ (Formative Assessment) എന്നത് പഠനപ്രക്രിയയിൽ ഉൾനിന്നും ഉയരുന്ന ഒരു സമഗ്രതയും പ്രതിഫലനവുമാണ്. പഠനത്തിനും അധ്യാപനത്തിനുമിടയിലെ ദിശാബോധം നൽകുന്ന വളർച്ചാകേന്ദ്രമാണ് ഇത്. കുട്ടിയുടെ അറിവ്, പ്രക്രിയാശേഷി, പങ്കാളിത്തം, ആശയവിനിമയം, ആശയധാരണ തുടങ്ങിയവയെ അടിസ്ഥാനമാക്കി നിരന്തരം മുന്നോട്ടുപോകുന്ന ശൈലി വളർത്തുന്നതാണ് വികാസപരമായ

വിലയിരുത്തൽ. KCF 2023 ന്റെ അടിസ്ഥാനത്തിൽ പഠനത്തിലേക്കുള്ള പ്രക്രിയാഗത വളർച്ചക്കായാണ് വിലയിരുത്തലിന്റെ മുഖ്യഭൂമി.

- പ്രവർത്തന ലക്ഷ്യങ്ങൾ:
- കുട്ടിയുടെ പഠനപ്രവൃത്തിയിൽ പങ്കാളിത്തം, ധാരണ, പ്രകടനം, രേഖപ്പെടുത്തൽ എന്നിവയുടെ ആധികാരിക വിലയിരുത്തൽ നടത്തുക.
- തത്സമയത്തിൽ കുട്ടിയുടെ പഠന പുരോഗതിയെ തിരിച്ചറിയാനും പിന്തുണയ്ക്കാനും കഴിയുക.
- വൈവിധ്യമാർന്ന പഠന രീതികളിൽ ഉൾപ്പെടുത്തിയ വളർച്ച തിരിച്ചറിയുക.
- അധ്യാപകർക്ക് അവരുടെ പഠനനടപടികൾ വിലയിരുത്താനും, മെച്ചപ്പെടുത്താനും സഹായിക്കുക.
- പോർട്ട്ഫോളിയോ വിലയിരുത്തലിന്റെ ഭാഗമായി കുട്ടിയുടെ അതിജീവനവൈവിധ്യങ്ങൾ ഉൾപ്പെടുത്തുക.
- പ്രവർത്തന ഘട്ടങ്ങൾ:
- പഠനപ്രക്രിയ വിലയിരുത്തൽ:
- പ്രവർത്തന പങ്കാളിത്തം:
- പ്രവർത്തനം ഏറ്റെടുത്തു?
- ഗ്രൂപ്പിൽ പ്രവർത്തിച്ചു?
- ആശയങ്ങൾ പങ്കുവെച്ചു?
- ആശയധാരണ:
- ഉള്ളടക്കം മനസ്സിലാക്കിയിരിക്കുന്നു?
- അറിവ് നിർമ്മാണം നടന്നിട്ടുണ്ടോ?
- പ്രക്രിയാശേഷി വിലയിരുത്തൽ:
- മുൻധാരണകൾ എന്തെല്ലാമായിരുന്നു?
- പുതിയ പ്രക്രിയാശേഷികൾ വിജയകരമായി കൈവരിച്ചോ?
- പ്രകടനം / അവതരണം:
- ഗ്രൂപ്പ് പ്രവർത്തനത്തിനു ശേഷം വ്യക്തിഗതമായി ഫലപ്രദമായി അവതരിപ്പിച്ചു?
- താൻ കണ്ടെത്തിയ കാര്യങ്ങൾ യുക്തിപൂർവമായി വിശദീകരിച്ചു?
- രേഖപ്പെടുത്തൽ:
- പ്രവർത്തനങ്ങൾക്കുള്ള രേഖപ്പെടുത്തലുകൾ നടത്തിയിരിക്കുന്നു?
- അതിനുള്ള ആകൃതിയും അതിന്റെ അടക്കം, മനസ്സിലാക്കാവുന്ന വിധത്തിലുള്ള അവതരണമാണ്?
- ഗ്രൂപ്പ് ചർച്ചകൾക്ക് ശേഷം സാധ്യമായ രേഖകൾ നൽകിയിട്ടുണ്ടോ?
- വിലയിരുത്തൽ മാർഗ്ഗങ്ങൾ:
- നിരീക്ഷണം (Observation):
- അധ്യാപകന്റെ ദൈനംദിന നിരീക്ഷണ റിപ്പോർട്ടുകൾ, ചെക്ക് ലിസ്റ്റ്.
- അഭിമുഖം (Interview):
- കുട്ടിയുമായുള്ള സൗഹൃദപരമായ സംവാദം.
- റേറ്റിംഗ് സ്കെയിൽ:
- പ്രവർത്തനത്തിലെ വിവിധ ഘടകങ്ങൾ 1 മുതൽ 5 വരെ സ്കോർ ചെയ്യുക.
- കേസ്സ്റ്റഡി / സ്കെച്ചുകൾ / ഡയറി നോട്ടുകൾ:
- വ്യക്തിഗത പഠനത്തിലെ പുതിയ വഴികൾ അടയാളപ്പെടുത്തുക.
- സ്വയം വിലയിരുത്തൽ ഫോറങ്ങൾ:
- O കുട്ടി സ്വയം തന്റെ വളർച്ചയെക്കുറിച്ച് രേഖപ്പെടുത്തുന്നത്.
- പോർട്ട്ഫോളിയോ വിലയിരുത്തൽ:

- **പ്രതിമാസം ഓരോ കുട്ടിയുടെയും പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ സമാഹരിച്ച് പോർട്ട്ഫോളിയോ രൂപത്തിൽ നിക്ഷേപിക്കുക.**
- **ക്ലാസ് PTA യോഗങ്ങളിൽ പോർട്ട്ഫോളിയോ മാതാപിതാക്കൾക്ക് കാണിച്ചുകൊടുക്കുക.**
- **HELP 2025 ക്ലാസ് ഹാൻഡ്ബുക്കിലെ യൂണിറ്റ് വിലയിരുത്തലുകളുമായി യോജിപ്പിക്കുക.**
- **KCF 2023 നിർദ്ദേശങ്ങൾ അനുസരിച്ച്:**
- **വിലയിരുത്തൽ രീതികൾ കുട്ടിയുടെ മനോഭാവം, തനിമ, പ്രത്യേകതകൾ, അഭിരുചികൾ എന്നിവ ഉൾപ്പെടുത്തണം.**
- **ഭിന്നശേഷിക്കാരായ കുട്ടികൾക്കും എളുപ്പത്തിൽ അടുക്കാവുന്ന രീതിയിൽ ഉണ്ടായിരിക്കണം.**
- **വിലയിരുത്തലിന് കൃത്യതയും സംവേദ്യതയും ഉണ്ടാകണം.**
- **തത്സമയത്തിൽ നടത്തപ്പെടുന്ന വിലയിരുത്തലുകൾ വിദ്യാർത്ഥിയിലും അധ്യാപകനിലും തിരിച്ചറിവുകൾ സൃഷ്ടിക്കണം.**
- **HELP 2025 ഹാൻഡ്ബുക്കും, സമഗ്ര പുരോഗതി രേഖയും, പ്രവർത്തന വിഭാഗങ്ങൾക്കായുള്ള ക്ലാസ് രീതി, പ്രതിദിന ആസൂത്രണം എന്നിവയുമായി സംയോജിപ്പിച്ച് പഠന മാറ്റങ്ങൾ ഉണ്ടാകുന്നതിനുള്ള അധ്യാപക പിന്തുണയും, ആധികാരിക മേൽനോട്ടവും ഉറപ്പാക്കേണ്ടത് വിദ്യാഭ്യാസ സംവിധാനത്തിന്റെ ഉത്തരവാദിത്തമാണ്.**
-

## ഒന്നാം ക്ലാസ്സ് ഒന്നാന്തരം

**ആമുഖം**

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധാപകരും ലക്ഷ്യം വയ്ക്കുന്നത്

എഴുത്ത്, വായന ,വിവിധ വ്യവഹാര രൂപങ്ങൾ ,സതന്ത്രമായ പ്രതികരണങ്ങൾ,ശില്പശാല,സംയുക്ത ഡയറി,സചിത്ര പുസ്തകം 'സ്വതന്ത്ര രചനകൾ ,എന്ന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരേിക്കണ്ടത് ആയിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതേിനൊടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്.

അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വയം സായത്തമാക്കണം എന്നത് മുൻകൂട്ടി ഓരോ മാസവും വിവിധ പ്രവർത്തനഘട്ടത്തിലൂടെ കുട്ടിയും രക്ഷിതാവും അധ്യാപികയും ഇറങ്ങിച്ചെല്ലുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യയന വർഷത്തിൽ കുട്ടി രക്ഷിതാവ് അധ്യാപകർ മറ്റ് സഹായികൾ ഉൾപ്പെട്ടു കൊണ്ട ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത ഒരുക്കി കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

ലക്ഷ്യങ്ങൾ

 ഒന്നാം ക്ലാസ്സിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.

എല്ലാ കുട്ടികെളയും ലളിതമായ ബാലസാഹിത്യ കഥകൾ / കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.

എല്ലാ കുട്ടികളും സന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെതന്നെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടി പ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.

രക്ഷിതാവിന്റെയും അധ്യാപികയെുടയും സഹായേത്തോട വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ, അവ നവമാധ്യമങ്ങളിൽ പങ്കിടൽ.

ലളിതമായ വായന കാർഡുകൾ നിർമിക്കുന്നു, വായിക്കുന്നു.

കുട്ടികെള എഴുത്തിലെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശില്പശാലകൾ നടത്തുന്നു.

 തീയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപേയാഗിച്ച് വായനയിേലക്ക് കുട്ടികെള ആകൃഷ്ടരാക്കുന്നു.

 ലിപികൾ തിരിച്ചറിയാൻ മറ്റുള്ളവരുടെ സഹായത്തോടെ ലഘു കവിതകൾ, ചെറുകഥകൾ എഴുതുന്നു, വായിക്കുന്നു.

 കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാ പുസ്തകം രൂപപ്പെടുത്തുന്നു.

 പ്രവർത്തന ലക്ഷ്യങ്ങൾ

 ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായന ക്ക് അവസരം ഒരുക്കുന്നു.

സർഗേശഷികൾ കൈവരിക്കുന്നു.

 ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിേലക്ക് മാറ്റുന്നതിന് സാധ്യതകൾ ഒരുക്കുന്നു.

പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.

 കുഞ്ഞു ചിത്ര കഥാ പുസ്തകങ്ങൾ സ്വയം നിർമിക്കാൻ പ്രാപ്തി നേടുന്നു..

 സ്വന്തമായി എഴുതാനും വായിക്കാനും, വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുന്നു.

 രക്ഷിതാവിന്റെയും അധാപികയുടെയും സഹായത്തോടെ നിർമാണ ശിൽപശാലയിൽ ഏർപ്പെട്ടു കൊണ്ട് സചിത്രപുസ്തകം തയ്യാറാക്കുന്നു.

രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

ജൂൺ പ്രവർത്തനങ്ങൾ

സചിത്ര നോട്ട്ബുക്ക്, സചിത്ര ആസൂത്രണം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ. സചിത്രഡയറി, സംയുക്തഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.

അക്കാദമി മാസ്റ്റർ പ്ലാൻ അവതരണം ചിത്ര കാർഡുകൾ, വായന കാർഡുകൾ നിർമാണ ശില്പശാല.

താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ.

ജൂലൈ പ്രവർത്തനങ്ങൾ

സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ.

കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ.

വായന മൂല, ാസ് ൈലബ്രറി ഒരുക്കൽ.

രക്ഷിതാവെി സഹായേത്തൊട സംയുക്ത ഡയറി എഴുതുന്നു.

പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്തു നോക്കാനും അവസരം ഒരുക്കുന്നു.

ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.

അക്ഷര പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പി,ക്കുന്നു. ചിത്ര വായനക്ക് അവസരം ഒരുക്കുന്നു. വാചികമായി പറയാനും അവസരം നൽകുന്നു.

## ഗണിതം

- ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവേബാധം േനടിയടുക്കേമ്പാൾ ഗണിതം പിന്തള്ളി േപാകൊത മുഖ്യധാരയിൽ എത്തിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസിൽ നിന്ന് തന്നെ ലളിത പ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ്.
- പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദകരമാക്കാവുന്നതാണ്.
- ഒന്നു മുതൽ അഞ്ച് വരെയുള്ള സംഖകൾ എണ്ണുന്നു എഴുതുന്നു.
- അഞ്ചു വെരയുള്ള എണ്ണൊത്ത പകുതി തുലം കൂടുതൽ കുറവ് എന്നിങ്ങെന വിശദീകരിക്കുന്നു.
- അഞ്ചുവെരയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
- ഒരക്ക സംഖ്യകൾ എണ്ണി എടുക്കുന്നു, എഴുതുന്നു, വായിക്കുന്നു.
- ഒമ്പതിൽ തൊഴ വെരയുള്ള വതസ്ഥ സംഖകളിൽ ഒരു സംഖേയാട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ കിട്ടും എന്ന് കെണ്ടത്തി പറയുന്നു.
- സംഖ്യകളെ ആരോഹണ - അവരോഹണ ക്രമത്തിൽ ആക്കുന്നു.
- രണ്ട് ഒരക്ക സംഖ്യകളുടെ സങ്കലനം.
- രണ്ട് ഒരക്ക സംഖ്യകളുടെ വ്യവകലനം.
- ഒരക്ക സംഖകളുെട വ്യാഖ്യാനം.
- ഒന്നു മുതൽ 20 വെരയുള്ള സംഖകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു
- . ഒരക്ക സംഖ്യ പാറ്റൺ രൂപീകരിക്കൽ.

- ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.
- ജൂൺ
- സംഖകൾ തിരിച്ചറിയുന്നു, പറയുന്നു.
- സംഖ്യാ കാർഡ്നിർമ്മിക്കൽ.
- ജൂലൈ
- ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതക്കിറ്റ് തയ്യാറാക്കുന്നു.
- സംഖ്യാ കാർഡ് തയ്യാറാക്കുന്നു.
- **ഓഗസ്റ്റ്**
- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
- കൂടുതൽ, കുറവ് തിരിച്ചറിയുന്നു.
- ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- **സെപ്റ്റംബർ**
- സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ.
- ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ
- . ഒരക്ക സംഖകൾ തമ്മിൽ വ്യവകലനക്രിയകൾ നടത്തൽ.
- ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്.
- സംഖ്യാ ഗാനങ്ങൾ ആലപിക്കൽ.
- **ഒക്ടോബർ**
- ഒറ്റ സംഖ്യ, ഇരട്ട സംഖ്യ തിരിച്ചറിയൽ.
- ഒന്നിടവിട്ട സംഖകളാണ് ഒറ്റസംഖ്യ ഇരട്ടസംഖ്യ എന്ന് തിരിച്ചറിവ്.
- വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ
- . ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ.
- **നവംബർ**
- സംഖ്യാ ഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു
- ഒരക്ക സംഖ്യയും രണ്ടക്കം സംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- **ഡിസംബർ**
- സംഖകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതാൻ
- ഗണിത ആൽബം തയ്യാറാക്കൽ
- ജനുവരി
- ഒരക്ക സംഖയും രണ്ടക്കസംഖയും ത മ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.
- ഒന്നു മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
- **ഫെബ്രുവരി**
- ഗണിത ആൽബം പിടിഎയിൽ പ്രദർശി പ്പിക്കുന്നു.
- വില വിവരപ്പട്ടിക, പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

- **മാർച്ച്**
- ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക ഷീറ്റുകൾ കമ്പീറ്റ് ചെയ്യുന്നു.
- ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു
- . ഉല്ലാസഗണിതം പ്രവർത്തനങ്ങൾ.
- സംഖകളുടെ പകുതി തുലം എന്നിവ തിരിച്ചറിയുന്നു.

## English

The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently, like Malayalam. We have to keep the language English close to our heart. The academic master plan is designed to ensure that not a single child goes illiterate.

Objectives and learning outcomes.

Respond to simple instructions in the classroom.
Describe orally about the pictures and objects.
Familiarise with simple words.
Enjoy songs and sings them with Rhythm and action.
Familiarise the names of birds, animals, their young ones and identifies them from pictures.

June

Introduce symbol words.
Provides picture cards.

July

Identify familiar words.
Say familiar words.
Read familiar words.
Write familiar words.

August

Enjoy songs and sings them with Rhythm and action.
Describes orally about pictures and objects using adjectives.

September

Read and write simple words and Simple sentences
Provides picture cards and reading cards.

October

Introduce symbol picture descriptions.
Make word chain, sentence chain.
Make riddles.
Describing words, rhyming words.
Text book activities.

November

Prepare reading cards.
Provide more opportunities to read, right and speak English.
Writes five English words daily.

December

Read and understand simple instructions in the classroom.

## ക്ലാസ്സ് 2 വർണ കാഴ്ചകൾ

അക്കാദമിക പ്രവർത്തന ലക്ഷ്യങ്ങൾ**

1. പരിചയപ്പെടുത്തിയ അക്ഷരങ്ങൾ ഉപയോഗിച്ച് തെറ്റില്ലാതെ ചെറുവാക്യങ്ങൾ എഴുതാൻ കഴിവ് നേടുക. (മലയാളം, ഇം ഷ

2. പരിചയപ്പെടുത്തിയ അക്ഷരങ്ങൾ ഉപയോഗിച്ച് ചെറുവാക്യങ്ങൾ ഉൾപ്പെടുന്ന രചനകൾ വായിക്കാൻ കഴിവ് നേടുക. (മലയാളം, ഇം ഷ

3. രക്ഷിതാവിന്റെ പിന്തുണയോടെ സചിത്ര ഡയറി തയ്യാറാക്കുക.

4. രക്ഷിതാക്കളെ സംബന്ധിച്ച പങ്കാളിത്തം ഉറപ്പാക്കാനുള്ള രീതികൾ വികസിപ്പിക്കുക.

5. ആകർഷകവും സമഗ്രവുമായ നോട്ട്ബുക്ക് എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.

* 6. ആശയാവതരണ രീതികളുടെ പ്രയോഗ്യതയും സാധ്യതയും ഗൗരവമായി പഠിക്കുക.

* 7. സംഖ്യാബന്ധങ്ങൾ, സംഖ്യാ വ്യാഖ്യാനം ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുക.

* 8. പരിസര പഠനവുമായി ബന്ധമുള്ള ലഘു നിർമാണപ്രൊജക്ടുകളിൽ ധാരണ നേടുക.

ഈ വർഷം നടത്തേണ്ട പ്രവർത്തനങ്ങൾ

1. പഠനോപകരണ ശില്പശാലകൾ (ഓരോ യൂണിറ്റിനും).

2. ക്ലാസ് പി.ടി.എ കൾ (ഓരോ അക്കാദമിക ഉള്ളടക്കത്തിന് ഊന്നൽ നൽകി.

* 3. എസ്.ആർ.ജി യോഗത്തിലെ പരിശീലന അനുഭവ റിപ്പോർട്ട് അവതരണം.

* 4. കുട്ടികളുടെ പ്രകടനങ്ങളും പഠനതെളിവുകളും ഡോക്യുമെന്റ് ചെയ്യലും പങ്കിടലും.

5. ഓരോ കുട്ടിയുടെയും പഠന പുരോഗതി വിലയിരുത്തലും തുടർപ്രവർത്തനാസൂത്രണവും.

* 6. പരീക്ഷനോത്സവം, പഠനപ്രവർത്തനങ്ങൾക്കൊപ്പം കുട്ടികൾ ഏർപ്പെട്ട ലഘു പരീക്ഷണങ്ങൾ.

* 7. സചിത്ര ഡയറി, സംയുക്ത ഡയറി ആശയം രക്ഷിതാക്കളെ ബോധിപ്പിക്കൽ.

* 8. പഠന പുരോഗതിയുമായി ബന്ധപ്പെട്ട് രക്ഷിതാക്കൾക്കും കുട്ടികൾക്കും ആവശ്യമായ ശില്പശാലകൾ.

* 9. കുട്ടികളുടെ സ്വയം വിലയിരുത്തലും പരസ്പര വിലയിരുത്തലും അധ്യാപക-രക്ഷിതമാർഗ്ഗത്തിലും.

* 10. പ്രത്യേക പരിഗണന അർഹിക്കുന്നവർക്കുള്ള അനുരൂപീകരണ പ്രവർത്തനങ്ങൾ.

11. വായനോത്സവം, രചനോത്സവം.

12.12. ലഹരി ബോധവത്കരണം
വിദ്യാഭ്യാസത്തിന്റെ സമഗ്ര വികാസം ലക്ഷ്യമിട്ട് ആവിഷ്കരിച്ച ഗുണമേന്മയുള്ള വിദ്യാഭ്യാസ പദ്ധതി, ഓരോ വിദ്യാർത്ഥിയെയും മികവിന്റെ ഉന്നതിയിലേക്ക് നയിക്കുക എന്ന മഹത്തായ ദൗത്യം ഏറ്റെടുക്കുന്നു. കുട്ടികളുടെയും അധ്യാപകരുടെയും സജീവ പങ്കാളിത്തത്തിലൂടെ ഓരോ ക്ലാസ്സ് മുറിയെയും പഠനത്തിന്റെ മികവുറ്റ കേന്ദ്രങ്ങളാക്കി മാറ്റുവാനാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.

അധ്യാപന-അഭ്യസന പ്രക്രിയയുടെ നിരന്തരമായ നിരീക്ഷണവും, പ്രധാനാധ്യാപകരുടെ സമയബന്ധിതമായ അക്കാദമിക ഇടപെടലുകളും കുട്ടികളുടെ പഠനത്തിൽ സുപ്രധാനമായ മാറ്റങ്ങൾക്ക് വഴിയൊരുക്കും. അദ്ധ്യാപകർക്ക് ആവശ്യമായ പിന്തുണ നൽകാനും, സഹകരണത്തിലൂടെ പുരോഗമനപരമായ പ്രായോഗികമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. പരിശീലന സംസ്കാരം വളർത്താനും

ഓരോ കുട്ടിയുടെയും പഠനക്ഷമതയെ പരിപോഷിപ്പിക്കുകയും, അവരുടെ അതുല്യമായ കഴിവുകളെ തിരിച്ചറിഞ്ഞ് വളർത്തുകയും, ആവശ്യമായ പിന്തുണ നൽകി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ മുന്നോട്ട് കൊണ്ടുവരികയും ചെയ്യുക എന്നതാണ് ഈ മാസ്റ്റർ പ്ലാനിന്റെ കാതൽ.

വിദ്യാലയത്തിൽ പ്രതീക്ഷിക്കുന്ന മാറ്റം:

രണ്ടാം ഭാഷാശേഷി വികസനത്തിലൂന്നിയ അക്കാദമിക് മാസ്റ്റർ പ്ലാൻ സമയബന്ധിതമായി നടപ്പിലാക്കുന്നതിലൂടെ ക്ലാസിലെ മുഴുവൻ കുട്ടികളും സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് തെറ്റില്ലാതെ വായിക്കുന്നതിനും അനുഭവങ്ങളും ആശയങ്ങളും തെറ്റില്ലാത്ത ഭാഷയിൽ ലഘുബാലസാഹിത്യകൃതികൾ എഴുതുന്നതിനും കഴിവ് നേടുന്നു.

രക്ഷിതാക്കളുടെ സഹായത്തോടുകൂടി കുട്ടികൾ സംയുക്ത ഡയറി എഴുത്ത് തുടരുകയും കുട്ടികൾ സ്വതന്ത്രരചയിതാക്കൾ ആവുകയും ചെയ്യും.

സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ചുള്ള സ്വതന്ത്ര സർഗാത്മക രചനകൾ ഏർപ്പെടുന്നതിന് കുട്ടികൾക്ക് അവസരം ഒരുക്കും.

കുട്ടികൾ സ്വയംപ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ട് അറിവ് നിർമാണ പ്രക്രിയകളിലൂടെ പഠനനേട്ടങ്ങൾ കൈവരിക്കുന്നു.

സംഖ്യാബന്ധങ്ങൾ സംഖ്യാവ്യാഖ്യാനം ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.

സ്ക്കൂളിലെ പ്രവർത്തനങ്ങൾ രക്ഷിതാക്കളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിന് ക്ലാസ് പിടിഎ കൾ ശക്തിപ്പെടുത്തും.

സ്ക്കൂളിന് പൊതുസമൂഹത്തിന്റെ അംഗീകാരം ലഭ്യമാക്കും.

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള അനുരൂപീകരണ പ്രവർത്തനങ്ങൾ (ഉൾച്ചേർക്കൽ) പഠനപ്രവർത്തനങ്ങളിൽ ആസൂത്രണം ചെയ്ത് നടപ്പാക്കൽ.

ഇംഗ്ലീഷ് ഭാഷ സ്വയം നേടിയെടുക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്ന ലാംഗ്വേജ് അക്വിസിഷൻ പ്രവർത്തനങ്ങൾ ഒരുക്കി നൽകി സ്വതന്ത്രമായി ഭാഷ വായിക്കാനും എഴുതാനും കുട്ടികളെ പ്രാപ്തരാക്കുക.
മാസ്റ്റർ പ്ലാൻ

പ്രവർത്തന വിശദാംശങ്ങൾ

മലയാളം മധുരം

ഒന്ന്, രണ്ട് ക്ലാസുകളിലെ കുഞ്ഞുങ്ങൾക്കായി അവധിക്കാലത്ത് വായനത്തുടർച്ച ഉറപ്പുവരുത്തുന്നതിനായി നടത്തിയ നൂതന പരിപാടിയാണ് മലയാള മധുരം, കുഞ്ഞുകഥകൾ ആസ്വദിച്ച് വായിക്കാനും, തങ്ങൾക്ക് കിട്ടിയ ആശയങ്ങൾ പ്രകടിപ്പിക്കാനും ഇതിലൂടെ അവസരം ഒരുക്കി. ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയിലേക്ക് എത്തിക്കുന്നതോടൊപ്പം കുട്ടികളെ ആശയഗ്രഹണ വായനയിലേക്കും ഭാഷാവികാസത്തിന് ഭാവാത്മക വായനയിലേക്കും നയിക്കുന്നതിലൂടെ സാധ്യതയൊരുക്കുന്നു.

പ്രവർത്തന ലക്ഷ്യങ്ങൾ:

ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനക്ക് അവസരമൊരുക്കുന്നു.

സർഗശേഷി വികസനത്തിന് സാധ്യത ഒരുക്കുന്നു.

ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യത ഒരുക്കുന്നു.

ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.

കുഞ്ഞു ചിത്രകഥാ പുസ്തകങ്ങൾ സ്വയം നിർമിക്കാൻ പ്രാപ്തി നേടുന്നു.

പ്രവർത്തന ഘട്ടങ്ങൾ:

അവധിക്കാലത്ത് തുടങ്ങിയ പ്രവർത്തനം എസ്.ആർ.ജിയിൽ അവസാനം). അവലോകനം ചെയ്യുന്നു (മെയ് 2025

തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

CPTA യിൽ അവലോകനവും, തുടർപ്രവർത്തനങ്ങളുടെ വിശദീകരണവും (ജൂൺ 2025 ആദ്യവാരം).

കുട്ടിയും രക്ഷിതാവും ചേർന്ന വായന ആരംഭിക്കുന്നു (ജൂൺ 2025).

തുടർന്നുള്ള മാസങ്ങളിൽ വായനോത്സവം, കലോത്സവം, വായനാ ചങ്ങാത്തം എന്നിവ സംഘടിപ്പിക്കുന്നു.

രചനോത്സവത്തിൽ കുട്ടികൾ സ്വതന്ത്ര രചനകൾ നടത്തുന്നു (ഓരോ ടേമിലും).

കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി പുസ്തക രൂപത്തിലേക്ക് മാറ്റുന്നു.

ഭാഷോത്സവത്തിൽ പുസ്തകം പ്രസിദ്ധീകരിച്ചു പ്രകാശനം നടത്തുന്നു (ജനുവരി 2026).

വ്യക്തിഗത പുസ്തകം തയ്യാറാക്കാനുള്ള പ്രോത്സാഹനം നൽകുന്നു.

വിലയിരുത്തൽ:

മലയാള മധുരം പ്രവർത്തനങ്ങൾ കൃത്യമായി ആസൂത്രണം ചെയ്തിട്ടുണ്ട്.

രക്ഷിതാവിന്റെ പിന്തുണ ഉറപ്പാക്കിയിട്ടുണ്ട്.

വായനയുടെ ഘട്ടങ്ങൾ കൃത്യമായി പാലിച്ച് നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

കഥോത്സവം, വായനോത്സവം എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.

ഭാഷോത്സവത്തിന്റെ ഭാഗമായി കുഞ്ഞെഴുത്ത് പുസ്തകം പ്രസിദ്ധീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

കുട്ടികളുടെ വിവിധ പ്രകടന രൂപങ്ങൾ വീഡിയോ ഡോക്യുമെന്റ് ചെയ്ത് സമൂഹവുമായി പങ്കു വെച്ചിട്ടുണ്ട്.

ചുമതല: ക്ലാസ് ടീച്ചർ, PTA, HM സാമ്പത്തികം: PTA, SSK
സംയുക്ത ഡയറി

രക്ഷിതാവിന്റെ/അധ്യാപിക സഹായത്തോടെ ദൈനംദിന അനുഭവങ്ങളെ ആത്മാംശം ഉൾക്കൊണ്ട് എഴുതുന്നതിന് സംയുക്ത ഡയറിയിലൂടെ കുട്ടിക്ക് കഴിയുന്നു. ഭാഷാപഠനത്തിൽ രചനയുടെ അടിസ്ഥാന ശേഷി വികസനം സാധ്യമാക്കുന്നതിന് ഡയറി എഴുത്തിന് കഴിയുന്നു. കുട്ടിയെ സർഗാത്മക രചനയിലേക്ക് നയിക്കുന്നതിൽ സംയുക്ത ഡയറി വളരെ സ്വാധീനം ചെലുത്തുന്നു. വിഭിന്ന നിലവാരക്കാരായ കുട്ടികളെ ലളിതമായ വരയിലൂടെയും എഴുത്തിലൂടെയും സ്വതന്ത്ര രചയിതാക്കളാക്കുന്നതിന് സംയുക്ത ഡയറിയിലൂടെ സാധിക്കും.

ലക്ഷ്യ പ്രസ്താവനകൾ:

സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.

സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.

സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് സാധിക്കുന്നു.

ഭാഷാശേഷി വികസിപ്പിക്കുന്നതിന് സാധിക്കുന്നു.

അനുഭവാധിഷ്ഠിതമായ ഭാഷാ പഠനം സാധ്യമാകുന്നു.

പ്രവർത്തന ഘട്ടങ്ങൾ:

സ്ക്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ മികച്ച ഡയറികൾ അവതരിപ്പിക്കുന്നു. ചർച്ചയിലെ നിർദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു (ജൂൺ 2025 ആദ്യവാരം).

ക്ലാസ് പി.ടി.എയിൽ ഡയറി എഴുത്തിന്റെ ഘടനയെ പരിചയപ്പെടുത്തുന്നു, രക്ഷിതാക്കളുടെ പിന്തുണ ഉറപ്പുവരുത്തുന്നു (ജൂൺ 2025 ആദ്യവാരം).

എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.

ജൂൺ 2025 മുതൽ ആരംഭിക്കുന്നു.

ടീച്ചർ ഡയറി പരിശോധിച്ച് വിലയിരുത്തുന്നു.

കൗതുകമുള്ള ഡയറിക്കുറിപ്പുകൾ ക്ലാസിൽ പങ്കുവെക്കുന്നു.

കുട്ടികളിൽ സമ്മർദ്ദമേകാതെ ഡയറി പൂർത്തിയാക്കാൻ സഹായിക്കുന്നു.

സചിത്ര ഡയറി പുസ്തക രൂപത്തിലേക്ക് മാറ്റുന്നു.

എന്റെ ഡയറിക്കുറിപ്പ് എന്നതിലേക്കും മാറ്റാം (വ്യക്തിഗതമായി).

വിലയിരുത്തൽ:

ലക്ഷ്യപൂർത്തീകരണത്തിന് ഉചിതമായ പ്രവർത്തനപദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. സംയുക്ത ഡയറിയുടെ ഭാഗമായി

എല്ലാ രക്ഷിതാക്കളുടെയും പിന്തുണയും സഹായവും ഉറപ്പുവരുത്തിയിട്ടുണ്ട്.

സർഗാത്മക ശേഷി വികാസത്തിനുള്ള കഴിവുകൾ ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്.

രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പൊതു സമൂഹവുമായും രക്ഷിതാക്കളുമായും പങ്കുവെച്ചിട്ടുണ്ട്.

മുഴുവൻ കുട്ടികളുടെയും സർഗാത്മക ഡയറികൾ പുസ്തക രൂപത്തിൽ തയ്യാറാക്കിയിട്ടുണ്ട്.

വ്യക്തിഗതമായി പുസ്തകം തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ സാധ്യത ഒരുക്കിയിട്ടുണ്ട്. തുടക്കം മുതലേ വീഡിയോ ഡോക്യുമെന്റ് ചെയ്തിട്ടുണ്ട്.

ചുമതല: ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, പ്രധാനധ്യാപകൻ സാമ്പത്തികം: എസ്.എസ്.കെ.

പട്ടാരങ്ങ്

ഭാഷാപഠനത്തിൽ താളത്തിന് വളരെയധികം പ്രാധാന്യമുണ്ട്. കുട്ടിയിൽ താളബോധം രൂപപ്പെടുന്നതിലൂടെ വായന, ലേഖനം എന്നിവ എളുപ്പമാകുന്നു. കവിതകൾ ഈണം കണ്ടെത്തി അവതരിപ്പിക്കാൻ താളബോധം സ്വായത്തമാക്കിയ കുട്ടിക്ക് എളുപ്പത്തിൽ കഴിയുന്നു. ഒപ്പം കവിതാസ്വാദനവും സാധ്യമാകുന്നു. പാഠഭാഗത്തിലെ കവിതകൾക്കൊപ്പം സമാനകവിതകൾ കണ്ടെത്തി ഈണത്തിലും ഭാവത്തിലും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കാൻ നമ്മുടെ കുട്ടികൾക്ക് കഴിയേണ്ടതുണ്ട്. ഇതിനായി രണ്ടാം ക്ലാസിൽ നടപ്പിലാക്കുന്ന പരിപാടിയാണ് പാട്ടരങ്ങ്. ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകമാക്കാൻ പാട്ടരങ്ങിലൂടെ കഴിയും.

ലക്ഷ്യ പ്രസ്താവനകൾ:

താളം മനസിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാനകവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു.

കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും ആവിഷ്കരിക്കുകയും ചെയ്യുന്നു.

ഈണം, താളം, ഭാവം, ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.

ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാ-പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.

ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.

പ്രവർത്തന ഘട്ടങ്ങൾ:

പാട്ടരങ്ങിന്റെ ലക്ഷ്യങ്ങൾ, പ്രവർത്തനക്രമം എന്നിവ സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. ചർച്ചയിലെ നിർദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു (ജൂൺ 2025 ആദ്യവാരം).

ക്ലാസ് പി.ടി.എയിൽ പദ്ധതി അവതരിപ്പിക്കുന്നു.

രക്ഷിതാക്കളുടെയും പ്രാദേശിക റിസോഴ്സ് പേഴ്സൺമാരുടെയും പിന്തുണ ഉറപ്പുവരുത്തുന്നു (ജൂൺ 2025 ആദ്യവാരം).

പാട്ടരങ്ങ് ഏകദിന ശില്പശാല, പ്രാദേശികമായി തയ്യാറാക്കുന്ന സംഗീതോപകരണങ്ങളുടെ നിർമ്മാണം, കുട്ടികളെ കൂടി പങ്കാളികളാക്കി പാട്ടരങ്ങ് അവതരിപ്പിക്കൽ, പാട്ടരങ്ങിൽ പാഠഭാഗങ്ങളിലെ പ്രവർത്തനങ്ങൾ ഉൾച്ചേർത്ത് അവതരിപ്പിക്കൽ (ജൂൺ 2025 രണ്ടാം വാരം).

തുടർ പാഠഭാഗങ്ങളുടെ ഭാഗമായി പാട്ടരങ്ങ് അവതരിപ്പിക്കൽ (പാട്ടവതരണവും ആവിഷ്കാരവും), വീഡിയോ ഡോക്യുമെന്റ് തയ്യാറാക്കൽ, പാട്ടരങ്ങിന്റെ ഭാഗമായി തയ്യാറാക്കിയ പുതിയ കവിതകൾ വായനാക്കാർഡുകളാക്കൽ (ജൂൺ 15, 2025 മുതൽ ഫെബ്രുവരി 2026 വരെ).

ഭാഷോത്സവത്തിന്റെറെ ഭാഗമായി പാട്ടരങ്ങ് അവതരിപ്പിക്കൽ (മാർച്ച് 2026 രണ്ടാം വാരം).

വിലയിരുത്തൽ:

ലക്ഷ്യപൂർത്തീകരണത്തിന് ഉചിതമായ പ്രവർത്തനപദ്ധതികൾ പാട്ടരങ്ങിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്.

ക്ലാസ് പി.ടി.എ.യുടെയും പ്രാദേശിക റിസോഴ്സ് പേഴ്സൺമാരുടെയും പങ്കാളിത്തം ഉറപ്പുവരുത്തിയിട്ടുണ്ട്.
പ്രാദേശികമായി ലഭ്യമായ മെറ്റീരിയലുകൾ ഉപയോഗിച്ച് സംഗീതോപകരണങ്ങൾ തയ്യാറാക്കിയിട്ടുണ്ട്.

പാഠഭാഗങ്ങളിൽ സാധ്യതയുള്ള ഭാഗങ്ങൾ കണ്ടെത്തി പാട്ടരങ്ങ് പ്രവർത്തന പരിപാടി തയ്യാറാക്കുകയും ക്ലാസ്സ് മുറിയിൽ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

കുട്ടികളുടെ അവതരണങ്ങൾ വീഡിയോ ഡോക്യുമെന്റ് ചെയ്ത് രക്ഷിതാക്കളുമായും പൊതു സമൂഹവുമായും പങ്കു വെച്ചിട്ടുണ്ട്.

പാട്ടരങ്ങിന്റെ ഭാഗമായി തയ്യാറാക്കിയ കവിതകളെ വായനാക്കാർഡുകളാക്കി മാറ്റിയിട്ടുണ്ട്.

ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിച്ചിട്ടുണ്ട്.

ചുമതല: ക്ലാസ് ടീച്ചർ, എസ്.ആർ.ജി, പ്രധാനാധ്യാപകൻ സാമ്പത്തികം: എസ്.എസ്.കെ, പി.ടി.എ

നാട്ടുവിശേഷം കൂട്ടെഴുത്ത്

ഭാഷാപാഠനം പരിസര പഠനവുമായി ബന്ധപ്പെടുത്തി സാധ്യമാക്കുന്നതിനായുള്ള പ്രവർത്തന പദ്ധതിയാണ് നാട്ടുവിശേഷം കൂട്ടെഴുത്ത് പ്രകൃതി ഒരു നിരീക്ഷണത്തിലൂടെ ലഭിക്കുന്ന ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കുട്ടികൾക്ക് കഴിയുന്നു. ശാസ്ത്രപ്രക്രിയാശേഷികളുടെ വികാസം ഉറപ്പു വരുത്തുന്നതിന് ഈ പ്രവർത്തനം സഹായകമാണ്. പ്രകൃതിയെ തൊട്ടറിഞ്ഞ് സഹവർത്തിത പഠനത്തിലൂടെ അറിവു നിർമാണം സാധ്യമാക്കാൻ ഈ പ്രവർത്തനത്തിനു കഴിയും

ലക്ഷ്യപ്രസ്താവനകൾ

പരിസര പഠനത്തിലൂടെ ഭാഷാപഠന സാധ്യതകൾ ഒരുക്കുന്നു

പ്രകൃതി നിരീക്ഷണത്തിലൂടെ ഗ്രഹിച്ച ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിയുന്നു.

നിരീക്ഷണം മുതൽ പരീക്ഷണം വരെയുള്ള പ്രക്രിയാ ശേഷികൾ ഉറപ്പുവ രുത്തി ക്ലാസ് പ്രവ ആസൂത്രണംചെയ്യാൻ കഴിയുന്നു.



മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്നു.

പുറം വാതിൽ പഠനത്തിനുള്ള സാധ്യത ഒരുക്കാൻ കഴിയുന്നു.

പരിസര പഠനത്തിലൂടെ ഭാഷാപഠനം രസകരവും ലളിതവുമാക്കുന്നതിന് കഴിയുന്നു.

പാഠപുസ്തകത്തിലെ ആശയങ്ങൾക്കനുയോജ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ കഴിയുന്നു.

പ്രവർത്തന ഘട്ടങ്ങൾ

നാട്ടുവിശേഷം കൂട്ടെഴുത്ത് പ്രവർത്തനം എസ് ആർ ജിയിൽ അവതരിപ്പിക്കുന്നു.

. പ്രകൃതി നടത്തം, ഫീൽഡ് ട്രിപ്പുകൾ എന്നിവ എസ് ആർ ജി യിൽ ആസൂത്രണം ചെയ്യുന്നു.

പിറ്റിഎ യിൽ അവതരിപ്പിച്ച് പിന്തുണ ഉറപ്പാക്കുന്നു.

പാഠഭാഗത്തിനനുയോജ്യമായി പ്രകൃതിപഠന സാധ്യതകൾ കണ്ടെത്തി ആസൂത്രണം.

പ്രവർത്തനങ്ങൾ നടപ്പിലാക്കൽ (ജൂലൈ രണ്ടാം ആഴ്ചയിൽ ആദ്യ പ്രവർത്തനം ആരംഭം) കണ്ടെത്തലുകളുടെഅവതരണം. കൂട്ടെഴുത്ത് നടക്കുന്നു.എഡിറ്റിംഗ്, മെച്ചപ്പെടുത്തൽ, അവതരണം.പതിപ്പ്

തയ്യാറാക്കൽ,പാഠഭാഗത്തിന് അനുസരിച്ച് കാലയളവ് കൃത്യതപ്പെടുത്തുന്നു.

പ്രവർത്തനംഅവലോകനം,

വിലയിരുത്തൽ

(ജൂലൈ അവസാനം)

പതിപ്പുകളുടെ പ്രദർശനം രചനോത്സവത്തിൽ.

മികച്ചവ ഭാഷോത്സവത്തിൽ അവതരണം (ജനുവരി)

വിലയിരുത്തൽ

ക്ലാസ്മുറിയിൽ പരിസര പഠന പാഠഭാഗത്തോടൊപ്പം ഭാഷാപഠനവും ഉൾച്ചേർത്ത് നൽകുന്നതിൽ അധ്യാപകർക്ക് ധാരണ ഉറപ്പാക്കുന്നു.

പ്രക്രിയ ശേഷികൾക്ക് ഊന്നൽ നൽകിയുള്ള പരിസര പഠന സാധ്യത ബോധ്യപ്പെടുന്നു.

മുഴുവൻ കുട്ടികളിലും പ്രക്രിയ ബന്ധിതമായ പഠനം ഉറപ്പാക്കാൻ കഴിയുന്നു.

കൃത്യമായ ആസൂത്രണത്തിലൂടെ വാതിൽപുറ പഠന സാധ്യത ഉറപ്പാക്കുന്നു

കുട്ടികളിൽ സഹവർത്തിത പഠനം ഉറപ്പാക്കുന്നു.

ചുമതല:

ക്ലാസ് ടീച്ചർ, PTA, HM

സാമ്പത്തികം SSK

റീഡേഴ്സ് തിയേറ്റർ

ലഘു വിവരണങ്ങൾ, കഥകൾ, കുട്ടിക്കവിതകൾ, സംഭാഷണം എന്നിവ ഭാവാത്മകമായി അ വായിക്കാൻ കഴിയുന്നവരാകണം രണ്ടാം ക്ലാസിലെത്തുന്ന ഓരോ കുട്ടിയും. അവർക്ക് മുന 17/49 6TF പഠനതന്ത്രങ്ങൾ അവതരിപ്പിച്ച് ഭാഷാ മികവ് ഉണ്ടാക്കാൻ അധ്യാപികക്കും വിദ്യാലയത്തിനും വായനക്കാർ എന്ന നിലയിൽ ഭാവാത്മക വായനക്കും ശ്രാവ്യ വായനക്കും ഏറെ സാധ്യതയുള്ള ഒരു സങ്കേതമാണ് റീഡേഴ്സ് തിയേറ്റർ.

ലക്ഷ്യ പ്രസ്താവനകൾ:

രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും മികച്ച വായനക്കാരായി മാറുന്നു.

പാഠപുസ്തകങ്ങളിലെയും ലഘു ബാലസാഹിത്യകൃതികളിലെയും സന്ദർഭങ്ങളെ റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമായി അവതരിപ്പിക്കുന്നു.

ഭാഷയിലെ പഠനമുന്നേറ്റത്തിന് സംഗീതം, ശ്രാവ്യവായന, ഭാവാത്മക വായന തുടങ്ങിയ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു.

പ്രവർത്തന ഘട്ടങ്ങൾ:

റീഡേഴ്സ് തിയേറ്റർ എസ്.ആർ.ജിയിൽ ആശയം പങ്കിടൽ (2025 ജൂൺ).

ക്ലാസ്. പി.ടി.എ.യിൽ റീഡേഴ്സ് തിയേറ്റർ ആശയം പങ്കിടലും പിന്തുണ ഉറപ്പ് വരുത്തലും (2025 ജൂൺ മൂന്നാം വാരം).

ഏകദിന റീഡേഴ്സ് തിയേറ്റർ ശില്പശാല (2025 ജൂലൈ രണ്ടാം വാരം).

എല്ലാ കുട്ടികളെയും പങ്കാളികളാക്കി പാഠഭാഗങ്ങൾ, തെരഞ്ഞെടുത്ത ലഘു ബാലസാഹിത്യ കൃതികൾ എന്നിവ റീഡേഴ്സ് തിയേറ്റർ സങ്കേതം ഉപയോഗിച്ച് അവതരിപ്പിക്കുക (2025 ജൂലൈ - 2026 മാർച്ച്).

. മികച്ച അവതരണങ്ങൾ ക്ലാസ്, സ്കൂൾ തല സഭകളിൽ അവതരിപ്പിക്കാൻ അവസരം (2025 ജൂലൈ - 2026 മാർച്ച്).

ഭാഷോത്സവത്തിൽ റീഡേഴ്സ് തിയേറ്റർ മികച്ച പ്രവർത്തനങ്ങൾ അവതരണം (2026 മാർച്ച് രണ്ടാം വാരം).

വിലയിരുത്തൽ:

റീഡേഴ്സ് തിയേറ്റർ പ്രവർത്തനത്തെക്കുറിച്ച് എസ്.ആർ.ജിയിൽ ചർച്ച നടത്തിയിട്ടുണ്ട്.

ക്ലാസ് പി.ടി.എ.യിൽ ആശയം പങ്കിട്ട് പിന്തുണ ഉറപ്പാക്കിയിട്ടുണ്ട്.

റീഡേഴ്സ് തിയേറ്റർ ശില്പശാല നടത്തിയിട്ടുണ്ട്.

എല്ലാ കുട്ടികളും പ്രവർത്തനത്തിൽ പങ്കെടുത്തിട്ടുണ്ട്.

റീഡേഴ്സ് തിയേറ്റർ ഉപയോഗിച്ച് പാഠഭാഗങ്ങൾ, ലഘു ബാലസാഹിത്യ കൃതികൾ എന്നിവ അവതരിപ്പിച്ചിട്ടുണ്ട്.

മികച്ച അവതരണങ്ങൾ ക്ലാസ്, സ്കൂൾ തല സഭകളിൽ അവതരിപ്പിക്കാൻ അവസരം നൽകിയിട്ടുണ്ട്.

ഭാഷോത്സവത്തിൽ റീഡേഴ്സ് തിയേറ്റർ അവതരിപ്പിച്ചിട്ടുണ്ട്.

ചുമതല: ക്ലാസ് ടീച്ചർ, എസ്.ആർ.ജി, പ്രധാനാധ്യാപകൻ സാമ്പത്തികം: എസ്.എസ്.കെ, പി.ടി.എ ക്ലാസ് പത്രം

പഠന തന്ത്രമാണ് രണ്ടാം ക്ലാസിലെ ഭാഷാപഠനവുമായി ബന്ധപ്പെട്ട ഒരു ക്ലാസ്പത്രം. ഓരോ കുട്ടിയെയും തങ്ങൾ കണ്ടതോ കേട്ടതോ ആയ കാര്യങ്ങൾ ആശയം ചോർന്നുപോകാതെ പറയാനും എഴുതാനും പ്രാപ്തരാക്കുന്നതിന് ക്ലാസ്പത്രം സഹായിക്കുന്നു. ക്ലാസ്സിലെ കൂട്ടെഴുത്തിന്റെ ഒരു പ്രതിഫലനമാണ് ക്ലാസ്സ് പത്രം . ഒരു പത്രത്തിന്റെ ഘടന മനസ്സിലാക്കി കൃത്യതയോടെ ചെറുവാക്യങ്ങളിലൂടെ വാർത്തകൾ രൂപപ്പെടുത്താനുള്ള ഒരു ഇതിലൂടെ നേടാൻ സാധിക്കും.

ലക്ഷ്യപ്രസ്താവനകൾ:

ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരി പ്പിക്കുന്നു.

രചനാ ശേഷി പരിപോഷിപ്പിക്കുന്നു.

വ്യത്യസ്തത പഠനതന്ത്രങ്ങളിലൂടെ ഭാഷാ പഠനം സാധ്യമാക്കുന്നു

സ്കൂളിലെ ദൈനംദിന അനുഭവങ്ങൾ ശ്രദ്ധിച്ച് തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിവു നേടുന്നു.

സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയ പൂർണതയോടെ എഴുതാൻ കഴിവു നേടുന്നു.

കണ്ടതും കേട്ടതുമായ കാര്യങ്ങൾ ആശയം ചോർന്നുപോകാതെ പറയാനും എഴുതാനും കഴിയുന്നു.

പരസ്പ്പരം പിന്തുണ ഉറപ്പുവരുത്താൻ കൂട്ടെഴുത്തിലൂടെ സാധിക്കുന്നു.

ദൈനംദിന അനുഭവങ്ങൾ വാർത്താ രൂപത്തിൽ തലക്കെട്ടോടെ എഴുതാൻ കഴിയുന്നു.

പ്രവർത്തനഘട്ടങ്ങൾ :

ക്ലാസ്പത്രം ലക്ഷ്യങ്ങളും പ്രവർത്തന ക്രമങ്ങളും എസ് ആർ ജിയിൽ അവതരിപ്പിക്കുന്നു. (ജൂലൈ അവസാനം )

ക്ലാസ് പിടിഎ യിൽ പദ്ധതി അവതരിപ്പിക്കുന്നു, പിന്തുണ ഉറപ്പാക്കുന്നു . ജൂലൈ അവസാനം)
കുട്ടികൾ രക്ഷിതാവിന്റെ സഹായത്തോടെ അനുഭവങ്ങൾ വാർത്താ രൂപത്തിൽ എഴുതുന്നു.
ഉചിതമായ ഫോട്ടോകൾ / ചിത്രങ്ങൾ ഉൾപ്പെടു ത്തുന്നു.

അധ്യാപികയുടെനേതൃത്വത്തിൽ ആവശ്യമായ എഡിറ്റിംഗ് നടത്തുന്നു.

ക്ലാസിൽ പത്രം തയ്യാറാക്കൽ (ആഗസ്റ്റ് ആദ്യവാരം)

അസംബ്ലിയിൽ വായിച്ചവതരിപ്പിക്കുന്നു.

ഓരോ മാസവും ഓരോന്ന് പ്രസിദ്ധീകരിക്കുന്നു

രചനോത്സവത്തിൽ പ്രദർശനം, അവതരണം

വിശേഷാവസരങ്ങളിൽ പ്രത്യേക പതിപ്പ് തയ്യാറാക്കുന്നു.

ഭാഷോത്സവത്തിൽ പ്രദർശനവും അവതരണവും നടത്തുന്നു. (ജനുവരി )

സമൂഹത്തിനു മുന്നിൽ പ്രദർശിപ്പിക്കുന്നു. (ഫെബ്രുവരി)

വിലയിരുത്തൽ :

വ്യത്യസ്തവും ആകർഷകവുമായ രീതിയിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്.

രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കിയിട്ടുണ്ട്.

കൂട്ടെഴുത്തിനുള്ള സാധ്യത ഉറപ്പാക്കിയിട്ടുണ്ട്.

വിഭിന്ന നിലവാരക്കാരെ പരിഗണിക്കാൻ കഴിഞ്ഞിട്ടുണ്ട്

ആദ്യ ഘട്ടം മുതൽ വീഡിയോ ഡോക്യുമെന്റ് ചെയ്ത് രക്ഷിതാക്കളുമായി പങ്കുവച്ചിട്ടുണ്ട്.

തയ്യാറാക്കിയ പത്രങ്ങൾ സമൂഹത്തിനു മുന്നിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

കൗതുകകരമായ വാർത്തകൾ തുടർ വായനയ്ക്കായി വായനകാർഡു കളാക്കി മാറ്റിയിട്ടുണ്ട്.

ചുമതല

: ക്ലാസ് ടീച്ചർ, HM, PTA

സാമ്പത്തികം:

SSK, PTA
ഭാഷോത്സവം

രണ്ടാം ക്ലാസ്സിലെ മുഴുവൻ കുട്ടികളെയും സ്വതന്ത്ര വായനക്കാരും എഴുത്തുകാരുമാക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. കുട്ടികളുടെ മികവുകൾ സമൂഹത്തിനു മുന്നിൽ പ്രകടമാക്കാൻ ഭാഷോത്സവത്തിലൂടെ കഴിയും. ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും ഭാഷോ ത്സവം കുട്ടികളെ പ്രാപ്തരാക്കുന്നു.

ലക്ഷ്യ പ്രസ്താവനകൾ:

ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.

കുട്ടികളുടെ സ്വതന്ത്ര രചനയ്ക്ക് സാധ്യത ഒരുക്കുന്നു

കുട്ടികളുടെ സർഗശേഷികൾ സമൂഹത്തിനുമുമ്പിൽ അവതരിപ്പിക്കുന്നു

ഭാഷാ പഠനം അനുഭവാധിഷ്ഠിതമാക്കുന്നതിന് കഴിയുന്നു

